# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വേങ്ങൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി2-262/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 13/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേങ്ങൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം.പി2-262/23 തീയ്യതി: 13/04/2023

## എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബിന്ദു എസ്. നായർ | ഡെപ്യൂട്ടി ഡയറക്ടർ | 20-02-2023 | 28-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 20-02-2023 | 28-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ എൻ. വിജയകുമാർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.)
ശ്രീ വിജു എം.എസ്.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ സന്തോഷ് കുമാർ എം.,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ അനീഷ് ടി.എസ്., ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശില്പ സുധീഷ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ. എൻ.എം.മോഹനൻ | സെക്രട്ടറി | 01-04-2021 | 09-07-2021 |
| ശ്രീ. എം.എം. അന്ത്രു | സെക്രട്ടറി | 10-07-2021 | 31-03-2022 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. എൻ.എ.സുരേഷ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 31-03-2022 |
| ശ്രീ. സുഭാഷ് ജി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീമതി. റഫീന ബീവി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ, നിതീഷ്ബാബു.എം | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ. പ്രശോഭ് കെ.പി. | വി.ഇ.ഒ.(വേങ്ങൂർ) | 01-04-2021 | 31-03-2022 |
| ശ്രീ.ഗിരീഷ് നായക് | വി.ഇ.ഒ.(കൊമ്പനാട്) | 01-04-2021 | 09-11-2021 |
| ശ്രീ. പ്രശോഭ് കെ.പി. | വി.ഇ.ഒ.(കൊമ്പനാട്) ഫുൾ ചാർജ് | 10-11-2021 | 31-03-2022 |
| ഡോ.എൽദോ പി വർഗ്ഗീസ് | വെറ്ററിനറി സർജൻ | 01-04-2021 | 07-05-2021 |
| ഡോ.ജെസ്സി | വെറ്ററിനറി സർജൻ | 08-05-2021 | 09-07-2021 |
| ഡോ.എഡിസൺ മാത്യു | വെറ്ററിനറി സർജൻ | 10-07-2021 | 31-03-2022 |
| ശ്രീമതി. സരള.കെ.യു | ഹെഡ് മിസ്ട്രസ് ,GLPS വേങ്ങൂർ | 01-04-2021 | 31-03-2022 |
| ശ്രീമതി. രമ്യ കെ.എസ്. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ഡോ. ഇ.സൈനബ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-04-2021 | 28-02-2022 |
| ഡോ.ആനന്ദ് സെബാസ്റ്റ്യൻ | മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 01-03-2022 | 31-03-2022 |
| ഡോ.ലത.പി.കെ. | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2021 | 31-03-2022 |

.

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം. | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | വസ്തുനികുതി നിർണ്ണയം അപാകത | 1-11 |
| 13 | മൊബൈൽ ടവറിന്റെ വസ്തുനികുതി | 1-12 |
| 14 | തൊഴിൽനികുതി | 1-13 |
| 15 | രസീത് ബുക്ക് ഹാജരാക്കിയില്ല | 1-14 |
| 16 | സാക്ഷരത പ്രേരക്കിന് ഓണറേറിയം | 1-15 |
| 17 | നായകൾക്ക് ലൈസൻസ് | 1-16 |
| 18 | ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-17 |
| 19 | വാഹന സൂക്ഷിപ്പ് | 1-18 |
| 20 | പൊതുടാപ്പുകളുടെ വെള്ളക്കരം | 1-19 |
| 21 | ഓഫീസിലെ ഹാൾ നവീകരണം | 1-20 |
| 22 | തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ - അപാകതകൾ. | 1-21 |
| 23 | മരുന്ന് ലഭ്യമായില്ല. | 1-22 |
| 24 | കന്നുകുട്ടി പരിപാലനം - തുക തിരികെ ലഭിച്ചിട്ടില്ല.. | 1-23 |
| 25 | നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല. | 1-24 |
| 26 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-25 |
| 27 | ജൈവകൃഷി വികസനം - വളം വാങ്ങൽ - അധിക തുക അനുവദിച്ചു | 1-26 |
| 28 | കേര സംരക്ഷണ പദ്ധതി --അപാകങ്ങൾ | 1-27 |

| | | |
|---|---|---|
| 29 | യഥാർത്ഥ ബിൽ ഹാജരാക്കിയില്ല. | 1-28 |
| 30 | പത്രപരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല. | 1-29 |
| 31 | വീട് വാസയോഗ്യമാക്കൽ - ഗുണഭോക്താവിന് തുക അധികം നൽകി. | 1-30 |
| 32 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-31 |
| 33 | പൊങ്ങൻ ചുവട് കോളനി മെഡിക്കൽ ക്യാമ്പ് -അപാകതകൾ | 1-32 |
| 34 | സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി പരിശോധനക്കായി ഹാജരാക്കിയില്ല. | 1-33 |
| 35 | ബഡ്സ് സ്കൂൾ ജീവനക്കാരുടെ സേവനം - കരാറിൽ ഏർപ്പെട്ടിട്ടില്ല. | 1-34 |
| 36 | ലേലം - വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല | 1-35 |
| 37 | മരാമത്ത് പ്രവൃത്തികൾ - പൊതുന്യൂനതകൾ. | 1-36 |
| 38 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അങ്കണവാടി നിർമ്മാണം-വിവരങ്ങൾ ലഭ്യമാക്കിയില്ല | 1-37 |
| 39 | ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരുപ്പ് തുകയുടെ വിശദ വിവരം ലഭ്യമല്ല | 1-38 |
| 40 | കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയില്ല | 1-39 |
| 41 | ഓഡിറ്റ് ഇംപാക്ട് - പുലച്ചിറ നവീകരണം - ഉയർന്ന നിരക്കിൽ നൽകിയ ജി.എസ്.ടി. തുക തിരിച്ചടച്ചു. | 1-40 |
| 42 | ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു. | 1-41 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | കേര സംരക്ഷണ പദ്ധതി - അപാകതകൾ | 3-1 |
| 2 | ജൈവകൃഷി വികസനം - വളം വാങ്ങൽ - അധിക തുക അനുവദിച്ചു | 3-2 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം | 4-2 |
| 3 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |

| അനുബന്ധം | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തികവർഷത്തേക്കുള്ള കരട് ബജറ്റ് ഭരണ സമിതിയുടെ 20.02.2021ലെ 1(1) നമ്പർ തീരുമാനപ്രകാരം തയ്യാറാക്കി അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് ഭരണ സമിതിയുടെ 28.02.2023 ലെ 3(21) തീരുമാന പ്രകാരം അംഗീകാരം നൽകുകയുമുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | യഥാർത്ഥ വരവ് -ചെലവ് |
|---|---|---|
| മുൻബാക്കി | 3647993 | 24810919 |
| വരവ് | 231205000 | 117106310 |
| ആകെ | 234852993 | 141917229 |
| ചെലവ് | 233054220 | 109936762 |
| നീക്കി ബാക്കി | 1798773 | 31980467 |

മുൻവർഷത്തെ വരവ് ചെലവ് കണക്കുകൾ കണക്കിലെടുത്ത് യഥാർത്ഥ്യബോധത്തോടെ ബജറ്റ് തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 22.07.2022 |

## 1-2-1 വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രികകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്). ILGMS- സോഫ്റ്റ് വെയറിന്റെ ഈ പോരായ്മ ഇൻഫോർമേഷൻ കേരള മിഷനെ അറിയിച്ചിട്ടുള്ളതാണ് എന്ന് അറിയിച്ചു.

2. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2021-22 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7169548/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2021-22 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6268021/- രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല. സാംഖ്യാ സോഫ്റ്റ് വെയറിന്റെ ഈ പോരായ്മ ഇൻഫോർമേഷൻ കേരളമിഷനെ അറിയിച്ചിട്ടുള്ളതാണ് എന്ന് അറിയിച്ചു. കൃത്യമായ ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് ILGMS- സോഫ്റ്റ് വെയറിൽ ലഭ്യമാകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം ആകെ ഇൻകം 190963516/- രൂപയും , ആകെ ചെലവ് 196181667/-(I-18, I-19 പ്രകാരമുള്ള പ്രയർ പീരിയഡ് ഇൻകം ഉൾപെടുത്താതെയുള്ള ചെലവ് ) രൂപയും ഷെഡ്യൂൾ I-18, I-19 പ്രകാരമുള്ള നെറ്റ് വരവ് 469099/- രൂപയുമാണ്. ഇത്തരത്തിൽ ആകെ നെറ്റ് ലോസ്സ് (Deficit) -4749052/-രൂപ (190963516 + 469099 - 196181667) എന്നതിന് പകരം -56886114/-രൂപ എന്ന് കാണിച്ചിരിക്കുന്നു. ILGMS-ൽ ലഭ്യമായ ഡാറ്റയാണ് ഇത് എന്ന മറുപടി തൃപ്തികരമല്ല. കൃത്യമായ ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട് ILGMS- സോഫ്റ്റ് വെയറിൽ ലഭ്യമാകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

4. ബി 1 ഷെഡ്യൂൾ (പഞ്ചായത്ത് ഫണ്ട്) പത്രിക വാർഷിക ധനകാര്യപത്രികയോടൊപ്പം ലഭ്യമാക്കിയില്ല. ILGMS-ൽ ബി 1 ഷെഡ്യൂൾ പത്രിക ലഭ്യമല്ല എന്ന മറുപടി തൃപ്തികരമല്ല. ILGMS- സോഫ്റ്റ് വെയറിൽ ബി-1 ഷെഡ്യൂൾ പത്രിക ലഭ്യമാകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. കേരള വാട്ടർ അതോറിറ്റിക്ക് നൽകാനുള്ള കുടിശ്ശിക ധനകാര്യപത്രികയിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല. കടിശ്ശികയായ 59116385/- രൂപയുടെ കൃത്യത ജോയിന്റ് വെരിഫിക്കേഷൻ നടത്തി അന്തിമ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് ധനകാര്യപത്രികയിൽ ഉൾപ്പെടുത്തുന്നതാണ് എന്ന് അറിയിച്ചു. തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്

6) ഇ-ടെണ്ടർ ഫോറത്തിന്റെ വിലയായി ലഭിക്കേണ്ട തുക ഡിമാന്റ് ചെയ്ത് ബാലൻസ് ഷീറ്റിലെ B-15 ഷെഡ്യൂളിൽ അദർ റെസീവബിൾസ് (കറന്റ്), അദർ റെസീവബിൾസ് (അരിയർ) എന്ന ഹെഡ്ഡിൽ ആസ്തിയായി രേഖപ്പെടുത്തിയ തുകയുടെ കൃത്യത പരിശോധിച്ച് അറിയിക്കേണ്ടതാണ്

7) വസ്തു നികുതിയുടെ ഡിമാന്റ് തുകകൾ സഞ്ചയ ഡിസിബി സ്റ്റേറ്റ്മെന്റ് അനുസരിച്ചുള്ള തുകകളാണ് വാർഷിക ധനകാര്യപത്രികയിൽ ചേർത്തിരിക്കുന്നത് എങ്കിലും ഇതിന് അടിസ്ഥാനമായ ഡി.സി.ബി. സ്റ്റേറ്റ്മെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി കൃത്യത ഉറപ്പു വരുത്തുന്നില്ല. വസ്തുനികുതി ഇനത്തിൽ 7845/- രൂപ പ്രയർ പീരിയഡ് ഐറ്റംസ് എന്ന ഹെഡിൽ ചെലവായി രേഖപ്പെടുത്തിയതായി കാണുന്നു. 2020-21 ധനകാര്യ പത്രിക പ്രകാരമുള്ള വർഷത്തെ കുടിശ്ശിക തൻവർഷം രേഖപ്പെടുത്തിയ കുടിശ്ശികയുമായി പൊരുത്തപ്പെടുന്നില്ല. . സഞ്ചയ പ്യൂരിഫിക്കേഷൻ വഴി സംഭവിക്കുന്ന വ്യത്യാസം മൂലമാണ് ഇത്തരത്തിൽ അപാകത ഉണ്ടാകുന്നത് എന്ന മറുപടി തൃപ്തികരമല്ല. ഇത്തരം വ്യത്യാസം സംബന്ധിച്ചുള്ള പത്രികകൾ കൃത്യത ഉറപ്പുവരുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും ഏതേത് കെട്ടിടങ്ങളുമായി ബന്ധപ്പെട്ടാണ് ഇത്തരത്തിൽ വ്യത്യാസം ഉണ്ടായിട്ടുള്ളത് എന്നത് വിശദാംശങ്ങൾ അടക്കം അറിയിക്കേണ്ടതുമാണ്.

8) ബാലൻസ് ഷീറ്റ് ബി 11, ബി 11b, ബി 11c, ബി 11d, ബി 11e ഷെഡ്യൂളുകൾ പ്രകാരം 39 ഹെഡുകളിലായി ആസ്തികൾ അക്കൌണ്ട് ചെയ്തിട്ടുണ്ട് എങ്കിലും ബി 11a ഷെഡ്യൂൾ പ്രകാരം അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ 10 ഹെഡുകളിലായി ആണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. വിവിധ ഡിപ്രിസിയേഷൻ റേറ്റുകളുള്ള പല ആസ്തികളുടെയും ഡിപ്രിസിയേഷൻ അദർ ഫിക്സഡ് അസറ്റ് എന്ന ഹെഡിലാണ് ചേർത്തിരിക്കുന്നത്. ആയതിനാൽ അദർ ഫിക്സഡ് അസറ്റ് തുക 1807422/- ആണെങ്കിലും അതിന്റെ ഡിപ്രിസിയേഷൻ ആസ്തി മൂല്യത്തിനേക്കാൾ കൂടുതലായി 1959783/ ആയി രേഖപ്പെടുത്തിയിരിക്കുന്നു. ആസ്തികളുടെ കാലപ്പഴക്കം സംബന്ധിച്ച വിശദാംശങ്ങളും തൻവർഷം വിവിധ ആസ്തികൾക്ക് ഡിപ്രിസിയേഷൻ കണക്കാക്കിയ പത്രികയും ലഭ്യമാക്കേണ്ടതാണ്. ILGMS- സോഫ്റ്റ് വെയറിൽ എല്ലാ ആസ്തികൾക്കും ഡിപ്രിസിയേഷൻ ഹെഡ് ഇല്ലാത്തതാണ് ഇതിന് കാരണമായി അറിയിച്ചത്. വിവിധ ഡിപ്രിസിയേഷൻ റേറ്റുകളുള്ള ആസ്തികളുടെ ഡിപ്രിസിയേഷന്റെ കൃത്യത ഉറപ്പുവരുത്തി അറിയിക്കേണ്ടതും ILGMS- സോഫ്റ്റ് വെയറിൽ മാറ്റം വരുത്തുന്നതിന് ഇൻഫോർമേഷൻ കേരള മിഷനുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

9) ബാലൻസ് ഷീറ്റ് ലയബിലിറ്റിയിൽ (ഗ്രാന്റിനത്തിൽ) ബി-4 ഷെഡ്യൂൾ പ്രകാരം വിവിധ അക്കൗണ്ട് ഹെഡുകളിലായി (320100145- 1422056/, -320100156- 240077/, 320100181- 66142/, 320000191-380000/-, 320200203-1032/-, 320300103-509863/-, 320300199-387196/- 320400101-3000/-, 320700204-189617, 320700205-53356/-, 320700404-615000/-, 320700405-293402/-, 320800101- 184662/-, 320800199-535146/-) മുൻവർഷങ്ങളിൽ ലഭിച്ച തുകകൾ ചെലവഴിക്കാതെ നിലനിൽക്കുന്നു. ഈ തുകകൾ ലഭിച്ച വർഷം തിരിച്ച് അറിയിക്കേണ്ടതും തിരികെ അതത് ഫണ്ടുകളിൽ തിരിച്ചടയ്ക്കേണ്ടവയുണ്ടെങ്കിൽ തുടർ നടപടികൾ സ്വീകരിച്ച് വിശദാംശങ്ങൾ സഹിതം അറിയിക്കേണ്ടതുമാണ്.

10. ബി-4 ഷെഡ്യൂൾ പ്രകാരം വിവിധ അക്കൗണ്ട് ഹെഡുകളിലെ നീക്കിയിരിപ്പും ഇതുമായി ബന്ധപ്പെട്ടുള്ള പ്രത്യേക ആവശ്യങ്ങൾക്ക് മാത്രമായുള്ള വിവിധ ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. തുടർ നടപടികൾ അറിയിക്കേണ്ടതാണ്.

11.വർഷാരംഭത്തിൽ പ്രതീക്ഷിത വരവിനനുസരിച്ചും സമയാസമയങ്ങളിൽ ഡിമാന്റിലുണ്ടാവുന്ന വ്യതാസത്തിനനുസരിച്ചും സാംഖ്യയിൽ ജേർണൽ എൻട്രികളിലൂടെ സമയബന്ധിതമായി ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. വർഷാവസാനം സാംഖ്യാ അക്കൗണ്ട് പ്രകാരമുള്ള വരവ് തന്നെ ഡിമാന്റ് ആയിട്ടുള്ള ഡിസിബി സ്റ്റേറ്റ്മെന്റുകൾ രജിസ്റ്ററിൽ ചേർക്കുകയാണ് ചെയ്യുന്നത്. അക്രൂ ചെയ്യുന്ന വരവുകൾ പ്രതീക്ഷിത വരവിനനുസരിച്ച് വർഷാരംഭത്തിലും പിന്നീട് സമയാസമയങ്ങളിലും ഡിമാന്റ് രേഖപ്പെടുത്തുന്നതിനും ബന്ധപ്പെട്ട രജിസ്റ്ററുകൾ അക്കൗണ്ടുമായി പൊരുത്തപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം അവശ്യപ്പെട്ട് നൽകിയ 26-2-2023ലെ ഓഡിറ്റ് എൻക്വയറി നം.18ന് നൽകിയ മറുപടി പരിഗണിച്ച ശേഷമുള്ള ഓഡിറ്റ് നിർദ്ദേശങ്ങളിൽ തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 24810919 |
| ഓഡിറ്റ് വർഷത്തെ വരവ് | 117106310 |
| ആകെ | 141917229 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 109936762 |
| നീക്കിയിരിപ്പ് | 31980467 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27563 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1377275 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | അലോട്ട്മെന്റ് പ്രകാരം വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ചെലവഴിക്കാതെ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 28677247 | 28677247 | 27320648 | 0 | 1356599 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 3557140 | 3557140 | 3352148 | 0 | 204992 |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 1106054 | 1106054 | 1006143 | 0 | 99911 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 24675408 | 24675408 | 21184112 | 0 | 3491296 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 9622955 | 9622955 | 3128742 | 0 | 6494213 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | | 15715251 | 15715251 | 6931567 | | 5693854 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Untied) | 0 | 6469377 | 6469377 | 5221509 | 874548 | 373320 |
| കേന്ദ്രാവിഷ്കൃതഫണ്ട് | | | | | | |
| 320100145 – ബഡ്സ് സ്കൂൾ | 1262141 | 504615 | 1766756 | 344700 | 1422056 | |
| 320100156 (RGPSA) | 24077 | - | 24077 | - | 24077 | |
| 320100181 – സാനിട്ടേഷൻ | 66142 | 13525 | 79667 | 13525 | 66142 | |
| 320100182 – ടോട്ടൽ സാനിട്ടേഷൻ | 2115094 | - | 2115094 | 1248376 | 866718 | |
| 320100191 - നിമർൽ പുരസ്കാരം | 380000 | - | 380000 | - | 380000 | |
| 320100196 ICDS | 988615 | 840076 | 1828691 | 550000 | 1278691 | |
| 320100197 സാക്ഷരത | 5610 | - | 5610 | - | 5610 | |
| 320100198 ശുചിത്വമീഷൻ | - | 150000 | 150000 | 150000 | - | |
| 320100999 Other Liabilities | 13070 | 130233 | 143303 | 107300 | 36003 | |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | | |
| 320200203 ഫിഷറീസ് ഫണ്ട് | 1032 | - | 1032 | - | 1032 | |
| 320200399 ലൈഫ് -സംസ്ഥാന വിഹിതം | 5514587 | 9168703 | 14683290 | 10313290 | 4370000 | |
| 320300103 (PBIG) | 2079863 | - | 2079863 | 1570000 | 509863 | |
| 320300199 വിമുക്തി ഫണ്ട് | 647186 | 34941 | 682127 | 294931 | 387196 | |
| 320400101 NABARD | 3000 | 0 | 3000 | 0 | 3000 | |
| 320700204 –ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 581644 | 375634 | 957278 | 767661 | 189617 | |

| | | | | | | |
|---|---|---|---|---|---|---|
| 320700205 – ജില്ലാ പഞ്ചായത്ത് വിഹിതം | 53356 | – | 53356 | – | 53356 | 0 |
| 320700404 –ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 615000 | – | 615000 | – | 615000 | |
| 320700405 – ജില്ലാ പഞ്ചായത്ത് വിഹിതം | 293402 | – | 293402 | – | 293402 | |
| 320800101 ഗുണഭോക്തൃവിഹിതം | 184462 | 553409 | 737871 | 553209 | 184662 | |
| 320800199 | 535146 | 122500 | 657646 | 122500 | 535156 | |

കുറിപ്പ്

1. വിവിധ ഫണ്ടുകളുടെ ജി ഒ പ്രൊജക്റ്റ് തുകയും ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുകയും താഴെ ചേർക്കുന്നു.

| ഫണ്ടിനം | ജി.ഒ. പ്രൊജക്റ്റ് തുക | ക്യാപിറ്റൽ കോൺട്രിബ്യൂഷൻ തുക |
|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2617494 | 2635964 |
| വികസന ഫണ്ട് (എസ്.സി.പി) | 1137714 | 0 |
| വികസന ഫണ്ട് (ടി.എസ് .പി) | 126857 | 56929 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 4581917 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 277740 |
| ധനകാര്യ കമ്മീഷൻ അവാർഡ്- Untied | 0 | 803153 |
| ധനകാര്യ കമ്മീഷൻ അവാർഡ്- Tied | | 1193688 |

2. ട്രഷറിയിൽനിന്ന് ചെലവാകാതിരുന്ന ബില്ലുകൾ ക്യാൻസൽ ചെയ്യാതിരുന്നത് മൂലം ACR ചെലവും RP-7 വരവും പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | ക്യാൻസൽ ചെയ്യാതിരുന്ന ബിൽ തുക |
|---|---|
| വികസന ഫണ്ട് (ജനറൽ) | 83,711 |
| വികസന ഫണ്ട് (എസ്.സി.പി) | 2,05,262 |
| സംരക്ഷണ ഗ്രാന്റ് (നോൺറോഡ്) | 2,85,614 |
| ധനകാര്യ കമ്മീഷൻ അവാർഡ് (Tied) | 7,35,018 |

3. തൻവർഷം അനുവദിച്ച ധനകാര്യ കമ്മീഷൻ അവാർഡ് തുകയിൽ ബാങ്ക് അക്കൗണ്ടിൽ 78,14,595/- രൂപ നീക്കിയിരിപ്പുണ്ട്.

## 1-5 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 248 | 167172899 | 176 | 92351779 | 60 | 72 | 46.77% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 99253 | 676062 | 775315 | 766281 | 9034 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 30019329 | 30019329 | 30019329 | 0 |

| | | | | | |
|---|---|---|---|---|---|
| ആകെ | 99253 | 30695391 | 30794644 | 30785610 | 9034 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 1,50,95,200 | 897 |
| വിധവാപെൻഷൻ | 1,25,20,000 | 804 |
| വാർദ്ധക്യകാലപെൻഷൻ | 2,71,27,800 | 1796 |
| വികലാംഗപെൻഷൻ | 41,29,600 | 271 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 8,22,400 | 52 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.02.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11720/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. തപാലുകൾ ലഭിക്കുന്നതും അവയുടെ വിതരണവും സംബന്ധിച്ച വിവരങ്ങൾ സൂചികയിൽ നിന്നും ലഭ്യമാണെങ്കിലും അവയുടെ തീർപ്പാക്കൽ വിവരങ്ങൾ പൂർണ്ണമായും സൂചികയിൽ നിന്നും ലഭ്യമാകുന്നില്ല.

2 ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

3.മരാമത്ത് പ്രവൃത്തികളുടെ യഥാസമയമുള്ള പൂർത്തീകരണം ഉറപ്പാക്കുന്നില്ല.

4. പഞ്ചായത്തിലെ ഇലക്ട്രോണിക് ഉപകരണങ്ങളുടേയും, മറ്റ് സാമഗ്രികളുടേയും സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി തയ്യാറാക്കി വാർഷിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി വർഷം തോറും ഭീമമായ തുകകൾ വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുന്നുണ്ടെങ്കിലും പദ്ധതികളുടെ യഥാസമയത്തുള്ള പൂർത്തീകരണം ഉറപ്പാക്കപ്പെടുന്നില്ല.

6. വെള്ളക്കരമിനത്തിൽ ഭീമമായ തുക കുടിശ്ശികയായി നിൽക്കുന്നു. ഇത് പഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യതയായി മാറിയിരിക്കുന്നു.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27.01.2020 | 01.10.2019 മുതൽ 31.12.2019 വരെ | 27.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.01.2014 മുതൽ 22.01.2014 വരെ | 2006-07 മുതൽ 2012-13 വരെ | 26.02.2014 |

## 1-11 വസ്തുനികുതി നിർണ്ണയം അപാകത

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം ഗ്രാമപഞ്ചായത്ത് 100 ച. മീറ്റർ വരെ തറവിസ്തീർണ്ണമുള്ള

വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 50 രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 60 രൂപയായും നികുതിനിരക്ക് നിശ്ചയിച്ചിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ച താഴെ പറയുന്ന വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്ററിന് മുകളിൽ തറവിസ്തൃതിയുള്ള കെട്ടിടത്തിന് 50 രൂപ നിരക്കിലാണ് നികുതി ഈടാക്കിയത്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| കെട്ടിട നം. | നികുതി നിലവിൽ വന്ന അർദ്ധവർഷം | വിസ്തൃതി (ച.മീ.) | നിർണ്ണയിക്കേണ്ട അടിസ്ഥാന വസ്തു നികുതി | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി | അടിസ്ഥാന നികുതിയിലെ കുറവ് |
|---|---|---|---|---|---|
| 8/428/എ | 2014 ആദ്യ പകുതി | 107.95 ച. മീ | 6477 | 5397.5 | 1079.5 |
| 7/103/എ | 2015 ആദ്യ പകുതി | 135 ച. മീ | 8100 | 6750 | 1350 |

വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചത് മൂലം വസ്തുനികുതി ഡിമാന്റ് കുറവ് വന്നതിന് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 10/23-02-2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-12 മൊബൈൽ ടവറിന്റെ വസ്തുനികുതി

പഞ്ചായത്ത് പരിധിയിലുള്ള എ.ടി.സി. ടെലികോം ഇൻഫ്രാ സ്ട്രക്ചർ പ്രൈ.ലി., എന്ന കമ്പനിയുടെ മൊബൈൽ ടവറിന്റെ (കെട്ടിട നമ്പർ 03/181/b), സഞ്ചയ സോഫ്റ്റ്വെയറിലെ രേഖകൾ പ്രകാരം 2020 ആദ്യ അർദ്ധവർഷം മുതലുള്ള വസ്തുനികുതി കുടിശ്ശിക 44,337/-രൂപ ഉള്ളതായി കാണുന്നു. വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 7/23-02-2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-13 തൊഴിൽനികുതി

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204(1) പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും. എന്നാൽ, ഗ്രാമപഞ്ചായത്തിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തിൽ മേൽപ്രകാരം തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം 17/26-02-2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ തൊഴിൽനികുതി പരിധിയിൽപ്പെട്ടവരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | കെട്ടിട നം | ജീവനക്കാരുടെ എണ്ണം | റിമാർക്സ് |
|---|---|---|---|---|
| 1 | ഫൈറ്റോമെഡ് റിസർച്ച് ഫൌണ്ടേഷൻ | 04/3 | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 2 | ആർ.ജെ. അസോസിയേറ്റസ് | 14/03/സി | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 3 | പുല്ലൻ ഗ്രാനൈറ്റസ് | 07/103 | 03 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 4 | ചുണ്ടാട്ട് വുഡ് ഇൻഡസ്ട്രീസ് | 02/447 | 04 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 5 | സൂര്യാ ബേക്കേഴ്സ് | 08/28 | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 6 | ഫൈവ് സ്റ്റാർ എന്റർപ്രസ്സ് | 15/272/ബി | 03 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 7 | കൗമ എന്റർപ്രസ്സ് | 12/131/സി | 03 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 8 | രെഹോ ബോത്ത് ട്രേഡിങ്ങ് | 10/14/എ1 | 05 | ആദ്യപകുതിയും രണ്ടാംപകുതിയും |
| 9 | പ്രീമിയർ എന്റർപ്രസ്സ് | 15/272/എഫ് | 03 | ആദ്യപകുതിയും രണ്ടാംപകുതിയും |

| | | | | |
|---|---|---|---|---|
| 10 | ജിയോ ടെക് എഞ്ചിനീയറിംഗ് | 12/190 | 03 | ആദ്യപകുതിയും രണ്ടാംപകുതിയും |

1-14 രസീത് ബുക്ക് ഹാജരാക്കിയില്ല

ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള 8ാം വാർഡിലെ എടത്തുരുത്ത് വായനശാലയുടെ രസീത് പ്രകാരമുള്ള വരവ്, മറ്റ് രജിസ്റ്ററുകൾ എന്നിവ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള അപാകതകൾ ഉള്ളതായി കാണുന്നു.

1) അംഗങ്ങളിൽ നിന്നും വരിസംഖ്യ ശേഖരിക്കുന്നതിനായി നൽകിയിട്ടുള്ള രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആകെ ഉപയോഗിച്ച രസീതുകളുടെ വിവരം വ്യക്തമല്ല. 1 മുതൽ 5 വരെയുള്ള രസീത് ബുക്കുകൾ (3 ഒഴികെ) ഓഡിറ്റിൽ ഹാജരാക്കിയിട്ടുണ്ട്. വരിസംഖ്യാ രജിസ്റ്റർ പ്രകാരം രസീത് ബുക്ക് നം.6ൽ നിന്ന് 47 രസീതുകൾ 01.09.2016 വരെ വരിസംഖ്യ ശേഖരിച്ചതിനായി നല്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത രസീത് ബുക്ക്, കളക്ഷൻ തുകയുടെ ഒടുക്കൽ വിവരം എന്നിവ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല.

2) വായനശാലയുടെ രസീത് കളക്ഷൻ രജിസ്റ്റർ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല.
3) ക്യാഷ് ബുക്ക് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

4) 2016ന ശേഷം നാളിതുവരെയുള്ള യാതൊരു വിവരവും രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.
5) രസീതു ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി 28.02.2023ൽ നൽകിയ 34ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പരാമർശിച്ചിട്ടുള്ള രേഖകൾ അടിയന്തിരമായി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്

1-15 സാക്ഷരത പ്രേരക്കിന് ഓണറേറിയം

പഞ്ചായത്ത് പരിധിയിൽ വരുന്ന തുടർ വിദ്യാകേന്ദ്രത്തിലെ സാക്ഷരത പ്രേരക്-മാരായ ശ്രീമതി കെ.ജെ. സാറാമ്മ, ശ്രീമതി ശ്രീജ തമ്പാൻ എന്നിവർക്ക് ഡിസംബർ 2020, ജനുവരി 2021, ഫെബ്രുവരി 2021 മാസങ്ങളിലെ ഓണറേറിയം താഴെ പറയും പ്രകാരം തനതു ഫണ്ടിൽ നിന്നും നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| പേര് | തുക | വൌച്ചർ/ചെക്ക് നം |
|---|---|---|
| ശ്രീമതി കെ ജെ സാറാമ്മ | 12,432 | 137257/13.04.21 |
| ശ്രീമതി ശ്രീജ തമ്പാൻ | 16,896 | 137258/13.04.21 |
| ശ്രീമതി കെ ജെ സാറാമ്മ | 5,624 | 137257/13.04.21 |
| ശ്രീമതി ശ്രീജ തമ്പാൻ | 8,832 | 137258/13.04.21 |

ഓണറേറിയത്തിനുള്ള സർക്കാർ വിഹിതം സാക്ഷരത മിഷന്റെ തനത് വിഹിതം എന്നിവ ലഭിക്കാതെ വരുമ്പോൾ ഓണറേറിയത്തിന് കുടിശ്ശിക ഉണ്ടാകുന്നതിനാൽ ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നല്കുന്നതിനും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ആയത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തിരികെ ലഭ്യമാക്കുന്നതാണെന്നും തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.02.2021 ലെ സർക്കാർ ഉത്തരവ് (സാധാ) 626/ത.സ്വ.ഭ.വ/2021 ൽ പറയുന്നുണ്ട്. ആയത് പ്രകാരം ഓണറേറിയം നൽകിയ തുക തിരികെ ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.6/23-02-2023) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. ഓണറേറിയം നൽകിയ തുക തിരികെ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

1-16 നായകൾക്ക് ലൈസൻസ്

വെറ്ററിനറി സർജന്റെ പ്രോജക്റ്റ് - പേവിഷബാധ നിർമാർജനം, നം. 27/22, പ്രകാരം 36110/- രൂപ ചെലവഴിച്ച് 146 നായകൾക്ക് പേവിഷബാധയ്ക്ക് വാക്സിൻ നൽകിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യ പത്രിക പ്രകാരം RP- 4 Fee & User Charges - 140110109, ലൈസൻസ് ഫീ ഫോർ ഡോഗ്സ് എന്ന ഹെഡിൽ വരവ് 370/- രൂപ മാത്രമാണ്. മേൽ പ്രോജക്ട് പ്രകാരം വാക്സിനേഷൻ നൽകിയ 146 നായകൾക്ക് ലൈസൻസ് നൽകിയിരുന്നു എങ്കിൽ 146 X 10 = 1460/- രൂപ ലൈസൻസ് ഫീസ് ഇനത്തിൽ വരവ് ഉണ്ടാകുമായിരുന്നു. മാത്രമല്ല ഗ്രാമപഞ്ചായത്തിലെ 146 നായകളെ ലൈസൻസ് പരിധിയിൽ കൊണ്ടുവരികയും ചെയ്യാമായിരുന്നു. എന്നാൽ ഇപ്രകാരം ചെയ്യാതിരുന്നതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം.8/23-02-2023 നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല. പഞ്ചായത്ത് പരിധിയിലെ മുഴുവൻ നായ്ക്കളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരാൻ ശ്രദ്ധിക്കേണ്ടതാണ്.

1-17 ചെലവ് രേഖകൾ ഹാജരാക്കിയില്ല

2021-22 സാമ്പത്തിക വർഷത്തെ തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ മഴക്കാലപൂർവ്വ

ശുചീകരണത്തിനായി ചെക്ക്/വൌച്ചർ നം.745820 തീയതി 04/10/2021 പ്രകാരം ശുചിത്വ മിഷൻ ഫണ്ടിൽ നിന്നും ലഭിക്കേണ്ടതായ 150000/- രൂപ 15 വാർഡുകളിലെയും വാർഡ് തല സാനിട്ടേഷൻ സമിതികളിലേക്ക് തനതു ഫണ്ടിൽ നിന്നും കൈമാറിയതായി കാണുന്നു. മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനത്തിന് ശുചിത്വ മിഷനിൽ നിന്നും ഫണ്ട് ലഭ്യമാകുവാൻ കാലതാമസം നേരിടുന്നതിനാൽ പഞ്ചായത്തിന്റെ ഫണ്ടിൽ നിന്നും തുക ചെലവഴിക്കുവാൻ സർക്കാർ നിർദ്ദേശം [സ.ഉ (സാധാ)നം.923/2019/തസ്വഭവ തീയതി 2.5.2019] നൽകിയിട്ടുണ്ട്. ടി തുക 15 വാർഡുകളിലെയും മഴക്കാലപൂർവ്വ ശുചീകരണത്തിന് ആവശ്യമായ പ്രവൃത്തികൾ ചെയ്യുന്നതിനു വേണ്ടിയാണ് കൈമാറിയിട്ടുള്ളത്. ഇതിന്റെ ചെലവ് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 5/23-02-2023 നൽകിയെങ്കിലും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതുവരെ 150000/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-18 വാഹന സൂക്ഷിപ്പ്

തദ്ദേശസ്വയം ഭരണ വകുപ്പിന്റെ 30.06.2007 ലെ സർക്കാർ ഉത്തരവ് (എം.എസ്) നം 170/2007 പ്രകാരം വാഹനങ്ങളുടെ റിപ്പയറിംങ് & മെയിന്റനൻസ് സംബന്ധിച്ച് നിബന്ധനകൾ പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ, ധനകാര്യ വകുപ്പ് സർക്കുലർ നം. 41/2008/ധന തീയതി 2-8-2008 പ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.
പഞ്ചായത്ത് ഔദ്യോഗിക വാഹനമായ KL-40-G-8752 നമ്പർ വാഹനത്തിന്റെ റിപ്പയറിങ്ങുമായി ബന്ധപ്പെട്ട് ചെക്ക് നം. 137272 തീയതി 7/5/21, ചെക്ക് നം. 137326 തീയതി 7/7/21, എന്നിവ പ്രകാരം 11.606/-രൂപയും, തനതുഫണ്ടിൽ നിന്നും ചെലവഴിച്ചതായി കാണുന്നു. പ്രതീക്ഷിത ചെലവ് 10,000/- രൂപക്ക് മുകളിലുള്ള എല്ലാ ചെലവുകളും മത്സരാധിഷ്ഠിത ക്വട്ടേഷൻ മുഖേന മാത്രം നടത്തേണ്ടതാണ്. പ്രവൃത്തിയുടെ പ്രതീക്ഷിത ചെലവ് എഞ്ചിനീയർ കണക്കാക്കേണ്ടതാണ്. ഓരോ അർദ്ധ വർഷത്തിന്റെയും ആരംഭത്തിൽ, മുൻ അർദ്ധ വർഷത്തിൽ ഓരോ വാഹനത്തിനും ചെലവഴിച്ച തുക സംബന്ധിച്ച റിപ്പോർട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നൽകേണ്ടതാണ്. ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും, യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് മാസാന്ത്യം ലോഗ് ബുക്കിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതാണ്. ആറു മാസത്തിലൊരിക്കൽ വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്, പരിശോധനയ്ക്ക് ഹാജരാക്കിയ ലോഗ് ബുക്ക് പരിശോധിച്ചതിൽ പ്രസ്തുത വാഹനത്തിന്റെ ഫ്യുവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയതായി രേഖപ്പെടുത്തിയിട്ടില്ല. വാഹനത്തിന്റെ പുക ടെസ്റ്റ് നിശ്ചിത ഇടവേളകളിൽ നടത്തിയതിന്റെ രേഖകൾ ലോഗ്ബുക്കിനോടൊപ്പം സൂക്ഷിച്ചിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നം. 29/27-02-2023 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വാഹനങ്ങളുടെ റിപ്പയറിംങ് /പരിപാലനവുമായി ബന്ധപ്പെട്ട സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 1-19 പൊതുടാപ്പുകളുടെ വെള്ളക്കരം

പഞ്ചായത്തിലെ 158 പൊതുടാപ്പുകൾക്ക് പ്രതിമാസം ₹72588/- വീതം വാട്ടർ ചാർജ് ഇനത്തിൽ വാട്ടർ അതോറിറ്റിയിൽ അടവാക്കി വരുന്നുണ്ട്. വാട്ടർ അതോറിറ്റിയുടെ 3/2022 ലെ ഡിമാന്റ് പ്രകാരം കുടിശ്ശിക ഇനത്തിൽ അടയ്ക്കാനുള്ള തുകയായി രേഖപ്പെടുത്തിയിട്ടുള്ളത് ₹4,77,41,547/- രൂപയാണ്. 4/21 ലെ വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് പ്രകാരം കുടിശ്ശിക ഇനത്തിൽ അടയ്ക്കാനുള്ള തുകയായി രേഖപ്പെടുത്തിയിരുന്നത് ₹3,85,55,198/- രൂപയാണ്. ഒരു സാമ്പത്തിക വർഷത്തെ പിഴതുകയിനത്തിലുള്ള വർദ്ധനവ് ഏകദേശം ₹91,86,349/- രൂപയാണ്. കുടിശ്ശിക ഇനത്തിൽ അടയ്ക്കാനുള്ള തുക അടവാക്കിയിട്ടില്ലാത്തതിനാൽ ഓരോ മാസവും കുടിശ്ശിക വർദ്ധിച്ചുകൊണ്ടേയിരിക്കുകയാണ്. പ്രസ്തുത കുടിശ്ശിക ഏതു കാലയളവുകളിലായി വന്നിരിക്കുന്ന തുകയാണെന്നും, യഥാർത്ഥത്തിൽ ഇത്രയും തുക അടവാക്കാനുണ്ടോയെന്നും വാട്ടർ അതോറിറ്റിയോട് ആരായുന്നതിനും സോഴ്സ് ഡിഡക്ഷനിലൂടെ വാട്ടർ അതോറിറ്റിയ്ക്ക് നൽകുന്ന തുക കുടിശ്ശികയിൽ തട്ടിക്കിഴിക്കുന്നുണ്ടോ എന്നും വ്യക്തത വരുത്തേണ്ടതാണ്. ഇതിനായി ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആ വിവരവും അറിയിക്കേണ്ടതാണ്. തനത് വരുമാനം വളരെ കുറഞ്ഞ ഗ്രാമപഞ്ചായത്തായതിനാൽ ഗ്രാന്റിനത്തിൽ ലഭിക്കുന്ന തുകയുടെ നല്ലൊരു ഭാഗം വാട്ടർ അതോറിറ്റിയിൽ അടയ്ക്കേണ്ടി വരുന്നത് പഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ തന്നെ ബാധിക്കുന്നുണ്ട്. വാട്ടർ അതോറിറ്റിയിൽ നിലവിലുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം കുടിവെള്ളക്കരം കുറയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദീകരിക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.9/23-02-2023) നൽകിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. വാട്ടർ ചാർജ് കുടിശ്ശിക ഒഴിവാക്കുവാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുന്നതിലേക്ക് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-20 ഓഫീസിലെ ഹാൾ നവീകരണം

ഗ്രാമപഞ്ചായത്ത് ഓഫീസിലെ ഹാൾ നവീകരണവുമായി ബന്ധപ്പെട്ട് ഇലക്ട്രിക്ക് ഉപകരണങ്ങൾ സപ്ലൈ ചെയ്ത വകയിൽ ബ്രൈറ്റ് & ലൈറ്റ് ഇലക്ട്രിക്കൽസ്, കൊമ്പനാട് എന്ന സ്ഥാപനത്തിന്റെ ബിൽ നം.09 തീയതി 24/04/2020 പ്രകാരമുള്ള ബിൽ തുകയായ 26,107/- രൂപ തനതുഫണ്ട് ചെക്ക് നം. 137327 തീയതി 09/07/2021 അനുവദിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിരിക്കുന്ന

ഉദ്ഘാടന ഫലകത്തിൽ നവീകരിച്ച ഹാളിന്റെ ഉദ്ഘാടനം 28/12/2019ന് എന്ന് രേഖപ്പെടുത്തിയിട്ടുള്ളതാണ്. 28/12/2019ന് നവീകരിച്ച ഹാളിലേക്ക് ബ്രൈറ്റ് & ലൈറ്റ് ഇലട്രിക്കൽസ്, കൊമ്പനാട് എന്ന സ്ഥാപനത്തിന്റെ 24/04/2020ലെ ബിൽ പ്രകാരമുള്ള തുക ഒരു വർഷത്തിനുശേഷം 09/07/2021ന് തുക അനുവദിക്കാനുണ്ടായ കാരണം അറിയിക്കണമെന്നും ബിൽ നം. 09 തീയതി 24/04/2020 പ്രകാരം ബ്രൈറ്റ് & ലൈറ്റ് ഇലട്രിക്കൽസ്, കൊമ്പനാട് എന്ന സ്ഥാപനം സപ്ലൈചെയ്ത ഇലക്ട്രിക്ക് ഫിറ്റിങ്ങ്സുകൾ (11nos 15w LED, 10nos 8w LED, 05nos LED Tube, 05nos LED Bulbe, 03nos MCB, 01nos 50w LED) എവിടെയെല്ലാമാണ് സ്ഥാപിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കേണ്ടതാണ്. മേൽപ്പറഞ്ഞവയ്ക്ക് വിശദീകരണം ആരാഞ്ഞും, സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ടോയെന്നുമുള്ള വിവരങ്ങൾ ആരാഞ്ഞും എൻക്വയറി നം. 16/26-02-2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ വിശദമായ മറുപടി രേഖകൾ സഹിതം ലഭ്യമാക്കുന്നതുവരെ 26,107/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-21 തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ - അപാകതകൾ.

| | |
|---|---|
| പ്രോജക്ട് നം. പേര് | S0040/22,തുടർ സാക്ഷരതാ പ്രവർത്തനങ്ങൾ |
| അടങ്കൽ,ഫണ്ട് | 25000/- (വികസന ഫണ്ട്- ) |
| ബിൽ/തീയതി/ചെലവ് | 2112075200700 1206397 / 25.02.2022 /₹25,050 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ് മിസ്ട്രസ്സ്, ഗവൺമെന്റ് എൽ.പി സ്കൂൾ, മേയ്ക്കപ്പാല |

പത്താംതരം, പ്ലസ് വൺ ഹയർസെക്കൻഡറി തുല്യതാ പരീക്ഷയ്ക്കു രജിസ്റ്റർ ചെയ്യുന്ന പഠിതാക്കളുടെ കോഴ്സ് ഫീസ് അടക്കുന്നതിനായി ആവിഷ്കരിച്ച പ്രോജക്ടാണിത്. 3 പത്താംതരം പഠിതാക്കളുടെ കോഴ്സ് ഫീസായി 5250/- രൂപയും (3x1750), 2 ഒന്നാം വർഷ (പ്ലസ് വൺ) പഠിതാക്കളുടെ കോഴ്സ് ഫീസായി (2x2200)+ 4400/- രൂപയും 7 പ്ലസ്സ് ടു (7x2200) പഠിതാക്കളുടെ കോഴ്സ് ഫീസായി 15400 രൂപയും ഉൾപ്പെടെ ആകെ 25050/- രൂപ സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയുടെ 5702696123 എന്ന അക്കൗണ്ടിലേക്ക് അടച്ചിട്ടുണ്ട്. സാമൂഹിക-സാമ്പത്തിക കാരണങ്ങളാൽ ഔപചാരിക വിദ്യാഭ്യാസം നേടാൻ കഴിയാതെ പോയവർക്ക് തുടർപഠനത്തിന് അവസരം ഒരുക്കുകയും, തുല്യതാ പരീക്ഷക്ക് അവരെ പ്രാപ്തരാക്കുകയും ചെയ്യുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. എന്നാൽ മേൽ വിദ്യാർത്ഥികളുടെ കോഴ്സ് ഫീസ് അടച്ച പത്താംതരം, ഹയർസെക്കൻഡറി പഠിതാക്കളുടെ പരീക്ഷാ ഫീസും രജിസ്ട്രേഷൻ ഫീസും പദ്ധതിയിൽ നിന്നും അടച്ചിട്ടില്ലായെന്ന മാത്രമല്ല വിദ്യാർത്ഥികൾ പരീക്ഷക്ക് ഹാജരായതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.

കൂടാതെ സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റിയിലേക്ക് രജിസ്ട്രേഷൻ ഫീസും, കോഴ്സ് ഫീസും അടച്ചതിന്റെ രസീത് ഹാജരാക്കിയിട്ടില്ല. പ്രോജക്ട് സംബന്ധമായ നിർവ്വഹണോദ്യാഗസ്ഥന്റെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല. പഠിതാക്കളുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല. മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നല്കിയ 24.02.2023 ലെ 14ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ സൂചിപ്പിച്ചിട്ടുള്ള രേഖകൾ ഹാജരാക്കുന്നത് വരെ ഈ പദ്ധതിക്കായി ചെലവഴിച്ച രൂപ 25,050/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 മരുന്ന് ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്ട് നം. , പേര് | 14/22, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ,ഫണ്ട് | 300000,മെയിന്റനൻസ് ഗ്രാന്റ് (നോൺറോഡ്) |
| ബിൽ നം./ തീയതി /ചെലവ് | 2112075209400741278 / 03.12.2021 /₹ 3,00,000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി, വേങ്ങൂർ ഗ്രാമപഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിലെ വേങ്ങൂർ ആയുഷ് പി.എച്ച്.സി ഹോമിയോ ഡിസ്പെൻസറിക്കായി സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി മരുന്ന് വാങ്ങുന്നതിനായി മെയിന്റനൻസ് ഗ്രാന്റിൽ (നോൺറോഡ്) നിന്ന് മേൽ ബിൽ പ്രകാരം 3,00,000/- രൂപ ദി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, പാതിരപ്പള്ളി, ആലപ്പുഴയ്ക്ക് നല്കിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനത്തിൽ നിന്ന് 25.11.2022ൽ എൽ.എഫ്.1136 ടാക്സ് ഇൻവോയ്സ് പ്രകാരം 1,78,157/- രൂപയുടെ മരുന്ന് സ്ഥാപനത്തിന് നല്കിയിട്ടുണ്ട്. ഇനിയും ലഭിക്കുവാനുള്ള 1,21,843/- രൂപയുടെ മരുന്ന് ലഭിച്ചിട്ടുണ്ടെങ്കിൽ വിവരം അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 28.02.2023ൽ നല്കിയ 30ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ പ്രസ്തുത സ്ഥാപനത്തിൽ നിന്നും മരുന്ന് അടിയന്തരമായി ലഭ്യമാക്കേണ്ടതാണ്. മരുന്ന് ലഭ്യമാക്കുന്നത് വരെ 1,21,843/- രൂപയുടെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 കന്നുകുട്ടി പരിപാലനം - തുക തിരികെ ലഭിച്ചിട്ടില്ല..

1)

| | |
|---|---|
| പ്രോജക്ട് നം., / പേര് | 291/22, പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി, |
| അടങ്കൽ/ഫണ്ട് | 6,25,000/-,വികസന ഫണ്ട് (പൊതുവിഭാഗം)<br>6,25,000/- സംസ്ഥാനാവിഷ്കൃതം |
| ബിൽ നം./തീയതി/ചെലവ് | 2112075200730l163188 / 21.02.2022 / ₹6,25,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ, വേങ്ങൂർ ഗ്രാമപഞ്ചായത്ത് |

2)

| | |
|---|---|
| പ്രോജക്ട് നം,പേര് | 25/22,കന്നുകുട്ടി പരിപാലന പദ്ധതി, |
| അടങ്കൽ,ഫണ്ട് | 6,25,000/-,വികസന ഫണ്ട് (പൊതുവിഭാഗം)<br>6,25,000/- ഗുണഭോക്തൃവിഹിതം |
| ബിൽ നം/തീയതി/ചെലവ് | 21120752007301169182/19.02.2022 / ₹6,25,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ, വേങ്ങൂർ ഗ്രാമപഞ്ചായത്ത് |

വേങ്ങൂർ ഗ്രാമപഞ്ചായത്തിലെ 4-6 മാസം പ്രായമായ കന്നുകുട്ടികളെ സംരക്ഷിക്കുന്നതിന്, മൃഗസംരക്ഷണ വകുപ്പിന്റെ കന്നുകുട്ടി പരിപാലന പദ്ധതിയ്ക്കായി പദ്ധതി വിഹിതം കൈമാറുന്നതിന് വേണ്ടി ആവിഷ്കരിച്ചതാണ് മേൽ പ്രോജക്ട്. 4-6 മാസം പ്രായമുള്ള കന്നുകുട്ടികളുടെ ഉടമസ്ഥരായ ഗുണഭോക്താക്കളെ ഗ്രാമസഭ തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. 4 മാസം മുതൽ പ്രസവിക്കുന്നതു വരെയോ അല്ലെങ്കിൽ 32 മാസം പ്രായമാകുന്നതു വരെയോ (ഏതാണ് നേരത്തെ അതുവരെ) ആണ് സബ്സിഡി നിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുന്നത്. ഒരു ഗുണഭോക്താവിന് 6,250/-രൂപ ഗ്രാമപഞ്ചായത്ത് വിഹിതവും 6,250/-രൂപ മൃഗസംരക്ഷണ വകുപ്പിന്റെ വിഹിതവുമാണ് (ഒരാൾക്ക് ആകെ സബ്സിഡി 12500). മേൽ പദ്ധതികൾ പ്രകാരം യഥാക്രമം 100, 50 ഗുണഭോക്താക്കൾക്ക് ക്ഷീരസഹകരണ സംഘം വഴിയാണ് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. മേൽ ബില്ലുകൾ പ്രകാരം യഥാക്രമം 6,25,000/- രൂപ വീതം പിൻവലിച്ച് പ്രോജക്ട് ഓഫീസർ, ഐ.സി.ഡി.പി., ആലുവ-യുടെ അക്കൗണ്ടിലേക്ക് (79901140000З312) ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഐ.സി.ഡി.പി. പ്രോജക്ട് ഓഫീസർ തുക കൈപ്പറ്റിയതിന്റെ രസീത്, പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

യഥാക്രമം 22.02.2022, 27.02.2022 എന്നീ തീയതിയിൽ ആരംഭിച്ച പദ്ധതികളുടെ നാളിതുവരെയുള്ള പുരോഗതി റിപ്പോർട്ട് പരിശോധിച്ചതിൽ കാലിത്തീറ്റ വിതരണ രജിസ്റ്റർ പ്രകാരം 10 ഗുണഭോക്താക്കൾ മാത്രമേ താഴെപ്പറയും പ്രകാരം കാലിത്തീറ്റ വാങ്ങിയിട്ടുള്ളൂ. വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

1)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കാലിത്തീറ്റയ്ക്ക് നല്കിയ തുക | കാലിത്തീറ്റ വാങ്ങിയ തുക | ഇനിയും വാങ്ങാനുള്ള തുക |
|---|---|---|---|---|
| 1 | ശ്രീമതി.സിസി മത്തായി തൊമ്പപ്പുത്തൻപുര | 6250 | 1753 | 4497 |
| 2 | ശ്രീമതി.മേരി എൽദോ കാക്കത്തോടൻ | 6250 | 4465 | 1785 |
| 3 | ശ്രീമതി.സുശീല ശശി | 6250 | 3787 | 2463 |
| 4 | ശ്രീ.സുരേന്ദ്രൻ.സി.ആർ ചാത്തൻകുടി | 6250 | 5143 | 1107 |
| 5 | ശ്രീ.പി.കെ.മാത്യൂ.പുല്ലുങ്കൽ | 6250 | 5143 | 1107 |
| 6 | ശ്രീ. സിജോ ജോസഫ് ഒരവലക്കുടി, അരുവപ്പാറ | 6250 | 3787 | 2463 |
| 7 | ശ്രീ. കുഞ്ഞുമോൻ. വി.എ. കളപ്പുരക്കുടി | 6250 | 1753 | 4497 |
| 8 | ശ്രീമതി. ലീല ശിവൻ മാടത്തിക്കുടി, കൈപ്പള്ളി | 6250 | 5143 | 1107 |
| 9 | ശ്രീ. ജോസ്.എ,വി അതിരമ്പുഴ,കൊമ്പനാട് | 6250 | 4690 | 1560 |

| | | | | |
|---|---|---|---|---|
| 10 | ശ്രീമതി. സിനി സുനിൽ നാറക്കുത്ത് കുടി, കൊമ്പനാട് | 6250 | 5368 | 882 |
| | ആകെ | 62500 | 41032 | 21468 |

2)

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കാലിത്തീറ്റയ്ക്ക് നല്കിയ തുക | കാലിത്തീറ്റ വാങ്ങിയ തുക | ഇനിയും വാങ്ങാനുള്ള തുക |
|---|---|---|---|---|
| 1 | ശ്രീമതി. സാറക്കുട്ടി വർഗ്ഗീസ് പുത്തൻകുടി | 6250 | 5143 | 1107 |
| 2 | ശ്രീമതി.മേരി എൽദോ കാക്കത്തോടൻ | 6250 | 2431 | 3819 |
| | ആകെ | 12500 | 7574 | 4926 |

മേൽ പരാമർശിച്ചിട്ടുള്ള ഗുണഭോക്താക്കൾ പദ്ധതിയിൽ നിന്നും തുടർന്ന് കാലിത്തീറ്റ വാങ്ങിയിട്ടില്ല. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 24.02.2023ൽ നല്കിയ 11ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പ്രോജക്ട് ഓഫീസർക്ക് തുക നല്കിയതിന്റെ രസീത് ഹാജരാക്കുകയും പ്രോജക്ട് ഓഫീസറിൽ നിന്നും ലഭ്യമാക്കുവാനുള്ള തുക ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ആയതിനാൽ പദ്ധതി അവസാനിക്കുന്ന കാലയളവിൽ പ്രോജക്ട് ഓഫീസർ, ഐ.സി.ഡി.പി., ആലുവ-യിൽ നിന്ന് ലഭിക്കുവാനുള്ള 26,394/- രൂപ (21468 +4926) തിരികെ ഈടാക്കി വികസന ഫണ്ടിൽ അടവാക്കേണ്ടതാണ്. കൂടാതെ തുക തിരികെ അടവാക്കിയതിന്റെ വിവരം രസീത് സഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന കരാറുകാരിൽ നിന്നും നിയമാനുസൃത പിഴ ഈടാക്കിയില്ല.

2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1 പ്രകാരം കരാർ പ്രവൃത്തി നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തപക്ഷം നിർദ്ദിഷ്ട പൂർത്തീകരണ കാലാവധിക്കുമുൻപ് തന്നെ കരാറുകാരൻ രേഖാമൂലം കാലദൈർഘ്യത്തിനുള്ള അപേക്ഷ സമർപ്പിക്കേണ്ടതും അപേക്ഷ പരിശോധിച്ച് തക്കതായ കാരണമുള്ളപക്ഷം സമയം ദീർഘിപ്പിക്കാവുന്നതുമാകുന്നു. ഇത് ഒറ്റത്തവണ ഒറിജിനൽ സമയത്തിന്റെ 25%അധികരിക്കാൻ പാടില്ല. ഇപ്രകാരം കാലാവധിയുടെ 50%വരെ പരമാവധി സമയം ദീർഘിപ്പിച്ചു നൽകാവുന്നതാണ്. ഇത് ആദ്യ തവണ പി.എ.സി യുടെ 1% നിരക്കിലും (കുറഞ്ഞത് 1,000/-രൂപ പരമാവധി 50,000/-രൂപ ) രണ്ടാം തവണ പി.എ.സി യുടെ 2% നിരക്കിലും (കുറഞ്ഞത് 2,000/-രൂപ പരമാവധി 100,000/-രൂപ) പിഴ ഈടാക്കി സപ്ലിമെന്ററി എഗ്രിമെന്റ് ചമക്കേണ്ടതാണ്. അതുപോലെ സെക്ഷൻ 2116.1 അനുസരിച്ച് യഥാർത്ഥ /ദീർഘിപ്പിച്ച പൂർത്തീകരണ കാലാവധി കഴിഞ്ഞാണ് പ്രവൃത്തി പൂർത്തീകരിക്കുന്നതെങ്കിൽ അധികകാലത്തിന് പ്രതിവാരം PAC യുടെ 0.1%നിരക്കിൽ (പരമാവധി 10%) കോമ്പൻസേഷനും ഈടാക്കേണ്ടതാണ്. എന്നാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന താഴെ പറയുന്ന പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും നിയമാനുസൃത നിരക്കിലുള്ള പിഴ ഈടാക്കാതെയാണ് തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, കരാറുകാരൻ , പി.എ.സി. | കരാർ തീയതി, കാലാവധി, കരാർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|
| 1 | ഇടത്തുരുത്ത് ഇളമ്പിളിച്ചാൽ റോഡ് റീ ടാറിംഗ് (59/20) സോജൻ എൻ. ജോർജ്ജ് പി.എ.സി - 330329/- പ്രവൃത്തിമൂല്യം - 368972/- ബിൽ നം. 07219/29.7.21 | 23.12.2019<br>6 മാസം<br>22.6.2020<br>(22.12.21 – 6 മാസം അധികം) | 29.3.2021 | 9910 |
| 2 | നെടുങ്ങപ്ര ഇളമ്പിളിച്ചാൽ റോഡ് റീ ടാറിംഗ് (58/20) സോജൻ എൻ.ജോ ർജ്ജ് | 01.01.2020<br>6 മാസം | 12.04.2021 | 39496 |

| | | | | |
|---|---|---|---|---|
| | പി.എ.സി - 1274060/-<br>പ്രവൃത്തിമൂല്യം - 1357918/-<br>ബിൽ നം. 07216/29.7.21 | 30.6.2020<br>(31.12.2020 – 6 മാസം അധികം) | | |
| | ആകെ | | | 49406 |

കോവിഡ് കാലയളവിൽ ഏറ്റെടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ പൂർത്തീകരണ കാലയളവ് പിഴ കൂടാതെ 6 മാസം വരെ നീട്ടി നൽകിയിട്ടുണ്ട്.( ജി.ഒ നം. 1444/21/തസ്വഭവ. തീ.31.7.21) ആയതിനാൽ ടി പ്രവൃത്തികൾക്ക് പ്രസ്തുത 6 മാസത്തിൽ അധികരിച്ചുള്ള കാലതാമസ്സത്തിന് 2012 ലെ പി.ഡബ്ല്യു.ഡി. മാന്വൽ സെക്ഷൻ 2112-1, 2116-1 പ്രകാരം വ്യക്തമാക്കിയിട്ടുള്ള നിരക്കിൽ പിഴ ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.28/21-22) അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ കോഴിക്കോട്ട് കുളങ്ങര കൊമ്പനാട് കനാൽ ബണ്ട് റോഡ് റീ ടാറിംഗ് (ക്രമ നം.1) എന്ന പ്രവൃത്തിയുടെ സൈറ്റിൽ മൈനർ ഇറിഗേഷന്റെ പ്രവർത്തനങ്ങൾ പൂർത്തീകരിക്കേണ്ടിയിരുന്നതിനാലാണ് കൂടുതൽ സമയം ആവശ്യമായി വന്നതെന്ന് അറിയിച്ചിട്ടുള്ളതാനാൽ മറുപടി അംഗീകരിച്ച് പ്രസ്തുത പ്രവൃത്തി പരാമർശത്തിൽ നിന്നും ഒഴിവാക്കുന്നു. ശേഷിച്ച 49406/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

1-25 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

1)

| | |
|---|---|
| പ്രോജക്ട് നം ,പേര് | എസ് 0002/21-22, ഐ.കെ.എം.വിഹിതം |
| അടങ്കൽ ,ഫണ്ട് | ₹ 120000/- ,വികസന ഫണ്ട്(പൊതുവിഭാഗം) |
| ബിൽ നം ,തീയതി, തുക | 21120752079400464862,29.09.21, ₹120000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി,വേങ്ങൂർ ഗ്രാമപഞ്ചായത്ത് |

2)

| | |
|---|---|
| പ്രോജക്ട് നം ,പേര് | എസ് 0078/21-22, കുട്ടികൾക്കുള്ള ജില്ല വെബ് പോർട്ടൽ |
| അടങ്കൽ ,ഫണ്ട് | ₹ 12500/-, വികസന ഫണ്ട് (പൊതുവിഭാഗം) |
| ബിൽ നം ,തീയതി, തുക | 21120752079400125584,05.03.2022 , ₹12500/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി,വേങ്ങൂർ ഗ്രാമപഞ്ചായത്ത് |

3)

| | |
|---|---|
| പ്രോജക്ട് നം ,പേര് | എസ് 0329/21-22, സ്ട്രീറ്റ് ലൈറ്റ് കൺട്രോൾ സ്ഥാപിക്കൽ |
| അടങ്കൽ ,ഫണ്ട് | ₹ 25016, വികസന ഫണ്ട് (പൊതുവിഭാഗം) |
| ബിൽ നം ,തീയതി, തുക | 21120752079401489496, 27.03.2022 , ₹25016/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി,വേങ്ങൂർ ഗ്രാമപഞ്ചായത്ത് |

4)

| | |
|---|---|
| പ്രോജക്ട് നം ,പേര് | എസ് 321/21-22, വാർഡ് 4-പാണിയേലി പോസ്റ്റ് ഓഫീസ്- എരപ്പക്കൽ റോഡ് കോൺക്രീറ്റിംങ് |
| അടങ്കൽ ,ഫണ്ട് | ₹ 480000/-,വികസന ഫണ്ട് (പൊതുവിഭാഗം) |
| ബിൽ നം ,തീയതി, തുക | 211207520794014894910 27.03.2022 , ₹480000/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി,വേങ്ങൂർ ഗ്രാമപഞ്ചായത്ത് |

മേൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾക്കായി (120000+ 12500 +25016+480000) 6,37,516/- രൂപ വിവിധ ഏജൻസികൾക്ക് നല്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ചതിന്റെ ധനവിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനായി ഹാജരാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 27.02.2023ൽ നല്കിയ 21ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേൽ പ്രോജക്ടിനായി ചെലവഴിച്ച 6,37,516/- രൂപയുടെ ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ പ്രസ്തുത തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-26 ജൈവകൃഷി വികസനം - വളം വാങ്ങൽ - അധിക തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം. ,പേര് | എസ് 0072/22, ജൈവകൃഷി വികസനം |

| | |
|---|---|
| അടങ്കൽ,ഫണ്ട് | ₹4,41,609/- ,വികസനഫണ്ട് (പൊതുവിഭാഗം)<br>₹ 1,72,958/- ഗുണഭോക്തൃവിഹിതം (നേരിട്ട്)<br>ആകെ – ₹ 6,14,567/- |
| ബിൽ നം. /ചെലവ് /തീയതി | ബിൽ നം.21120752007201081731, തുക 302074 തീ. 08.02.2022<br>ബിൽ നം.21120752007201081739,തുക 139535 തീ.08.02.2022 |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ, വേങ്ങൂർ ഗ്രാമപഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിലെ കാർഷിക വികസനം കൈവരിക്കുന്നതിനായും മണ്ണിന്റെ ജൈവാംശം വർദ്ധിപ്പിക്കുവാനും , അമ്ലത കുറക്കുവാനും ജൈവകൃഷി പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കർഷകർക്ക് 75% സബ്സിഡി നിരക്കിൽ ജൈവവളം നല്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതിയാണിത് . ക്രാരിയേലി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം. ഇ 199, നെടുങ്ങപ്ര സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം. ഇ135 എന്നിവയിൽ നിന്ന് ഗുണഭോക്താക്കൾക്ക് കൃഷി ഓഫീസർ പെർമിറ്റ് നല്കിയതിന്റെ അടിസ്ഥാനത്തിൽ നേരിട്ട് വളം വാങ്ങുന്നു. സബ്സിഡി തുക ബാങ്കിലേക്ക് നല്കുന്നു. ആയത് പ്രകാരം പ്രസ്തുത പ്രോജക്ടുകളുടെ നടത്തിപ്പിനായി കൃഷി ഭവൻ നല്കിയ പെർമ്മിറ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾ ബോൺ മീൽ , കുമ്മായം, നീംകേക്ക് എന്നീ ജൈവവളങ്ങൾ വാങ്ങിയിട്ടുണ്ട്. ഈ പ്രവൃത്തി നടത്തുക വഴി 11,547/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. വിശദവിവരം ഭാഗം 3-2 ൽ ചേർത്തിട്ടുണ്ട്.

1-27 കേര സംരക്ഷണ പദ്ധതി --അപാകങ്ങൾ

| | |
|---|---|
| പ്രോജക്ട് നം ,പേര് | 52/21-22, കേര സംരക്ഷണ പദ്ധതി |
| അടങ്കൽ ,ഫണ്ട് | 499902 വികസനഫണ്ട് (പൊതുവിഭാഗം)<br>166634, ഗുണഭോക്തൃവിഹിതം |
| ബിൽ നം ,തീയതി, തുക | 21120752007201432993,24.03.2022, ₹109902/-<br>21120752007201354481, 17.03.2022, ₹234000/-<br>21120752007201179017. 22.02.2022, ₹156000/-<br>ചെക്ക് നം 137781.തീ.24.03.2022 തുക.114634/-<br>ചെക്ക് നം 137753.തീ.28.02.2022 തുക.52000/-<br>ആകെ ചെലവ് ₹6,66,536/- |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ ,വേങ്ങൂർ ഗ്രാമപഞ്ചായത്ത് |

ഒരു തെങ്ങിന് 25% (26 രൂപ) തുക ഗുണഭോക്തൃവിഹിതവും 75% (78 രൂപ) സർക്കാർ സബ്സിഡിയും (ആകെ104 രൂപ) നല്കി ഗ്രാമ പഞ്ചായത്തിലെ തെങ്ങുകളുടെ മണ്ട വൃത്തിയാക്കി പാകമായ തേങ്ങകൾ വിളവെടുക്കുകയും തെങ്ങുകൾക്ക് അസുഖം വരാതിരിക്കുവാൻ മരുന്ന് തളിച്ച് ആരോഗ്യത്തോടെ സംരക്ഷിക്കുകയും ചെയ്യുകയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്. എന്നാൽ കൃഷി ഓഫീസർ നടപ്പിലാക്കിയ ഈ പദ്ധതി നടപ്പാക്കിയതിലെ അപാകതകൾ ഖണ്ഡിക 3-1ൽ ചേർത്തിട്ടുണ്ട്.

1-28 യഥാർത്ഥ ബിൽ ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് നം ,പേര് | 230/21-22, കൃഷി ഓഫീസിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ |
| അടങ്കൽ ,ഫണ്ട് | ₹60,000/- മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) |
| ബിൽ നം ,തീയതി, തുക | 21120752007201073403, 07.02.2022, ₹38,741/-<br>21120752007201073413, 07.02.2022, ₹ 20,018/- ,<br>ആകെ ചെലവ് ₹58,759/- |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ ,വേങ്ങൂർ ഗ്രാമപഞ്ചായത്ത് |

കൃഷി ഓഫീസിന്റെ സുഗമമായ പ്രവർത്തനങ്ങൾക്കായി മേൽ പ്രോജക്ട് പ്രകാരം കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങിയിട്ടുണ്ട്. എന്നാൽ ലഭ്യമാക്കിയ ഫയൽ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള അപാകങ്ങൾ കാണുന്നു.

1) കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളടക്കമുള്ള സർക്കാർ സ്ഥാപനങ്ങളിലേക്ക് GeM വഴി 25000രൂപയ്ക്ക് മുകളിലുള്ള വാങ്ങൽ നടത്തുന്നതിന് സർക്കാർ 26.04.2019 ലെ കേരള സർക്കാർ സ്റ്റോർ പർച്ചേയ്സ് മാനവലിലെ ഖണ്ഡിക 19.3 ൽ സ. ഉ (പി)7 നം 02/2018/എസ്.പി.ഡി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.കൂടാതെ 21.10.2019 ലെ വിവരസാങ്കേതിക വകുപ്പിന്റെ സർക്കുലർ ഐ.ടി സെൽ നം 01/108/2019 പ്രകാരം കേരള സർക്കാരിന്റെ ഓൺലൈൻ പോർട്ടലായ CPRCS മുഖേന കമ്പ്യൂട്ടർ

വാങ്ങണമെന്ന് നിർദ്ദേശിക്കുന്നുണ്ട്.എന്നാൽ മേൽ വാങ്ങൽ കെൽട്രോണിൽ നിന്നുമാണ് നടത്തിയിട്ടുള്ളത്. GeM വഴി വാങ്ങാതിരുന്നതിന് വിശദീകരണം നല്കേണ്ടതാണ്.

2) കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങിയതിന്റെ പ്രോഫോർമ ഇൻവോയ്സ് മാത്രമാണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. യഥാർത്ഥ ബിൽ ഓഡിറ്റിനായി ഹാജരാക്കേണ്ടതാണ്.

3) കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ സ്റ്റോക്കിലെടുത്തതിന്റെ സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി 24.02.2023 ൽ നല്കിയ 12ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 58,759/- രൂപ കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങിയതിന്റെ യഥാർത്ഥ ബിൽ ലഭ്യമാക്കുന്നത് വരെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 പത്രപരസ്യത്തിന് ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല.

| | |
|---|---|
| പദ്ധതിയുടെ പേര്/ നമ്പർ | പദ്ധതി രൂപീകരണം മോണിട്ടറിംഗ് 16/22 |
| നിർവ്വഹണം | സെക്രട്ടറി |
| അടങ്കൽ,ഫണ്ടിനം | ₹80000/- പൊതുവിഭാഗം വികസന ഫണ്ട്<br>₹ 50000/- തനത് ഫണ്ട് |
| ചെലവ്,ബിൽ, തീയതി | ₹5055/-21120752079400695329, 24.11.2021<br>₹12600/-21120752079400963209, 17.01.2022<br>₹19884/-21120752079400634144, 10.11.2021<br>₹8425/-21120752079401319964, 14.03.2022<br>₹18498/-;ചെക്ക് നം, 295307തീ 10.02.2022 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പത്രങ്ങളിൽ പരസ്യങ്ങൾ നൽകുമ്പോൾ ഗവ. ഉത്തരവ് G.O(Rt) No.288/14/I&PRD Dated 10/09/2014 പ്രകാരം 15% ഡിസ്കൗണ്ടിന് അർഹതയുണ്ട്. മേൽ പ്രോജക്റ്റിന്റെ ചെലവ് രേഖകൾ പരിശോധിച്ചതിൽ മാതൃഭൂമി, ദേശാഭിമാനി എന്നീ പത്രങ്ങൾക്ക് പരസ്യം ചെയ്ത വകയിൽ വന്നിട്ടുള്ള ചെലവാണ്. ദേശാഭിമാനി പത്രത്തിൽ നിന്ന് 15% ഡിസ്കൗണ്ട് ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. എന്നാൽ മാതൃഭൂമി പത്രത്തിൽ നിന്ന് 15% ഡിസ്കൗണ്ട് ലഭിച്ചതായി കാണുന്നില്ല. താഴെ പറയുന്ന ബില്ലുകൾ പ്രകാരം പത്രപരസ്യത്തിന് തുക ചെലവഴിച്ചിട്ടും ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല.

| പത്ര സ്ഥാപനത്തിന്റെ ബിൽ നമ്പർ/ തീയതി | ചെലവായ തുക | ലഭിക്കേണ്ട ഡിസ്കൗണ്ട് (15%) |
|---|---|---|
| 321000050131/24.09.2021 | ₹12705/- | 1906/- |
| 321000060083/21.10.2021 | ₹6232/- | 935/- |
| 321000062517/28.10.2021 | ₹12000/- | 1800/- |
| 321000089752/05.01.2022 | ₹12000/- | 1800/- |
| ആകെ | ₹42937/- | ₹ 6441/- |

പത്രപരസ്യത്തിന് അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കാനുള്ള നടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 24.02.2023ൽ നല്കിയ 15ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിൽ, വരും വർഷങ്ങളിൽ അർഹമായ ഡിസ്കൗണ്ട് നേടിയെടുക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. സർക്കാർ ഉത്തരവ് പ്രകാരമുള്ള അർഹമായ ആനുകൂല്യം നേടിയെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-30 വീട് വാസയോഗ്യമാക്കൽ - ഗുണഭോക്താവിന് തുക അധികം നൽകി.

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 211/21-22, വീട് വാസയോഗ്യമാക്കൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ |
| അടങ്കൽ | 293000/-വികസന ഫണ്ട്-എസ് സി പി |
| ചെലവ് | 189000-വികസന ഫണ്ട്-എസ് സി പി |
| ബിൽ നം | TRN -7189 Dt 29-7-21, 90000/-<br>TRN -12982 Dt 30-9-21, 15000/<br>TRN -14120 Dt 12-10-21, 15000/<br>TRN -15226 Dt 12-10-21, 18000/ |

| | |
|---|---|
| | TRN -16085 Dt 11-11-21, 18000/<br>TRN -23027 Dt 18-2-22, 15000<br>TRN -26746 Dt 25-3-22, 18000/ |

മേൽ പദ്ധതി സ്പിൽ ഓവർ പദ്ധതിയായാണ് ഈ വർഷം നടപ്പാക്കിയിട്ടുള്ളത്. പരിശോധനയിൽ ലത മുത്തു എന്ന ഗുണഭോക്താവിന് മുൻവർഷം ട്രഷറി ബിൽ നം 3/20-21 Dt 25.02.21 , പ്രകാരം 15,000/- രൂപ അനുവദിച്ചിട്ടുള്ളതാണ്. തൻവർഷം TRN -7189 Dt 29-7-21 പ്രകാരം 18000/-രൂപയും TRN -16085 Dt 11-11-21, പ്രകാരം 18,000/-രൂപയും കൂടി ആകെ 36,000/- രൂപ വീണ്ടും അനുവദിച്ചതായി കാണുന്നു. ഒരു ഗുണഭോക്താവിന് 33,000/- രൂപ അനുവദിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത് . 18,000/- കൂടുതലായി അനുവദിച്ചിതിന് വിശദീകരണം അവശ്യപ്പെട്ട് നൽകിയ 28-2-23 ലെ ഓഡിറ്റ് എൻക്വയറി നം 31 ന് നൽകിയ മറുപടിയിൽ കൂടുതലായി നൽകിയ തുക ലളിത എന്ന ഗുണഭോക്താവിന് നൽകുന്നതിന് പകരം തെറ്റായി ലത എൽ എന്ന ഗുണഭോക്താവിന് ലഭിച്ചതാണ് എന്നും ഇത് ബോധ്യപ്പെട്ടപ്പോൾ നിർവഹണ ഉദ്യോഗസ്ഥന്റേയും മെമ്പർമാരുടേയും സാന്നിധ്യത്തിൽ തുക തിരികെ വാങ്ങി ലളിത എന്ന ഗുണഭോക്താവിന് നൽകിയതായും അറിയിച്ചു. കൃത്യത ഉറപ്പുവരുത്തുന്നതിന് ഈ തുക ബാങ്ക് അക്കൌണ്ടിലോ പഞ്ചായത്ത് ഫണ്ടിലോ തിരികെ അടവാക്കി ശരിയായ ഗുണഭോക്താവിന് നൽകേണ്ടതായിരുന്നു. ശരിയായ ഗുണഭോക്താവിന് തുക ലഭ്യമായിട്ടുണ്ടോ എന്ന് പഞ്ചായത്ത് കമ്മിറ്റി പരിശോധിച്ച് വ്യക്തമായ തെളിവുകൾ സഹിതം അറിയിക്കുന്നതുവരെ അധികം നൽകിയ 18,000/-രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-31 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

മെഡിക്കൽ ഓഫീസർ സി.എച്ച്.സി. നിർവ്വഹണ ഉദ്യോഗസ്ഥനായിട്ടുള്ള താഴെ ചേർത്ത പദ്ധതികളുടെ നടത്തിപ്പിനായി ജില്ലാപഞ്ചായത്തിന് തുക കൈമാറിയിട്ടുള്ളതാണ് എങ്കിലും വിനിയോഗ സാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് | 81/22, ഏർളി ഡിറ്റക്ഷൻ സെന്റർ | 87/22ജില്ലാ ക്യാൻസർ നിയന്ത്രണ പരിപാടി | 89/22 ഡയാലിസിസ് രോഗികൾക്കുള്ള പിന്തുണ. |
|---|---|---|---|
| അടങ്കൽ | 20000/- വികസന ഫണ്ട് പൊതു വിഭാഗം | 50000/-വികസന ഫണ്ട് പൊതു വിഭാഗം | 120000/- വികസന ഫണ്ട് പൊതു വിഭാഗം |
| ചെലവ് | 20000/- വികസന ഫണ്ട് പൊതു വിഭാഗം | 50000/-വികസന ഫണ്ട് പൊതു വിഭാഗം | 120000/- വികസന ഫണ്ട് പൊതു വിഭാഗം |
| ബിൽ നം | 27/21-22 Dt 18-2-22 | 31/21-22 Dt 26-2-22 | 28/21-22 Dt 18-2-22 |

പദ്ധതികൾ നടപ്പിലായിട്ടുണ്ടോ എന്നത് പരിശോധിച്ച് വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 26-2-23 ലെ ഓഡിറ്റ് എൻക്വയറി നം.1-ന് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് അറിയിച്ചു. അറിയിക്കുന്നതുവരെ ചെലവ് തുകയായ 1,90,000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 1-32 പൊങ്ങൻ ചുവട് കോളനി മെഡിക്കൽ ക്യാമ്പ് -അപാകതകൾ

| പ്രോജക്ട് | പ്രോജക്ട് നം 53 /22 , പകർച്ചവ്യാധി നിയന്ത്രണം | പ്രോജക്ട് നം 79 /22 പൊങ്ങൻ ചുവട് കോളനി മെഡിക്കൽ ക്യാമ്പ് |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി. | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി. |
| അടങ്കൽ | 100000/- വികസന ഫണ്ട് പൊതു വിഭാഗം | 50000/- വികസന ഫണ്ട് പൊതു വിഭാഗം |
| ചെലവ് | 100000/- വികസന ഫണ്ട് പൊതു വിഭാഗം | 50000/- വികസന ഫണ്ട് പൊതു വിഭാഗം |
| ബിൽ നം | 5/21-22 Dt 16-7-21, -9350<br>8/21-22 Dt 12-8-21, 4560/-<br>32/21-22 Dt 26-2-21, 86090/ | 4/21-22 Dt 16-7-21, -6900<br>7/21-22 Dt 12-8-22, 3800<br>12/21-22 Dt 16-10-21, -3800<br>13/21-22 Dt 16-10-21, -3800<br>22/21-22 Dt 25-12-21, -11400 |

| | | |
|---|---|---|
| | | 33/21-22 Dt 25-3-22, -6800<br>37/21-22 Dt 21-3-22 -4400<br>42/21-22 Dt 25-3-22, -5300<br>43/21-22 Dt 25-3-22, -3800 |

മേൽ പദ്ധതികളുമായി ബന്ധപ്പെട്ടുള്ള അപാകതകൾ താഴെ ചേർക്കുന്നു.

1. പ്രോജക്ട് നം 53 /22 , പകർച്ചവ്യാധി നിയന്ത്രണം എന്ന പദ്ധതി ചെലവ് പഞ്ചായത്തിലെ പകർച്ചവ്യാധി നിയന്ത്രണവുമായി ബന്ധപ്പെട്ട് സർവെ നടത്തുന്നതിനുള്ള ഫോറങ്ങൾ അച്ചടിയ്ക്കുന്നതിനും ഫീൽഡ് സർവെ നടത്തിയതിനുള്ള ആശാവർക്കർമാർക്കുള്ള ചെലവുകൾക്കുമായാണ് മുഖ്യമായും ഉപയോഗിച്ചിട്ടുള്ളത്. പ്രോജക്ട് നം 79/22 പൊങ്ങൻ ചുവട് കോളനി മെഡിക്കൽ ക്യാമ്പ് എന്ന പദ്ധതി പൊങ്ങൻ ചുവട് കോളനിയിൽ മാത്രമായി മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുന്നതിനുള്ള ചെലവുകൾക്കായാണ് വിഭാവനം ചെയ്തിട്ടുള്ളത്. എന്നാൽ പ്രോജക്ട് നം 53/21-22 പ്രകാരം 1-5-21, 10-5-21, 13-7-21, 12-8-21, 2-11-21, 9-12-21, 15-12-21 തീയതികളിൽ പൊങ്ങൻ ചുവട് കോളനിയിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചതിനുള്ള ചെലവ് രേഖപ്പെടുത്തിയതായി കാണുന്നു. കമ്മ്യൂണിറ്റിഹാൾ ക്യാമ്പിന് തയ്യാറാക്കുന്നതിന് ദിവസവേതനം, വാഹനവാടക അല്ലെങ്കിൽ ഡീസൽ ചെലവ്, ഭക്ഷണചെലവ് എന്നീ ഇനങ്ങളിലാണ് ചെലവ് രേഖപ്പെടുത്തിയിട്ടുള്ളത്. പൊങ്ങൻ ചുവട് കോളനിയിൽ മാത്രമായി മെഡിക്കൽ ക്യാമ്പ് നടത്തുന്നതിന് പ്രോജക്ട് നം.79/22 നിലനിൽക്കെ മറ്റൊരു പദ്ധതിയിൽ ഇതിനായുള്ള ചെലവ് രേഖപ്പടുത്തിയതിന് വ്യക്തതയില്ല.

2. പൊങ്ങൻ ചുവട് കോളനിയിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട് 2-11-21, 9-12-21, 15-2-22 തീയതികളിൽ നടത്തിയ മെഡിക്കൽ ക്യാമ്പുകൾക്കുള്ള ചെലവുകൾ പ്രോജക്ട് നം 53 /22 , പകർച്ചവ്യാധി നിയന്ത്രണം, പ്രോജക്ട് നം.79/22 പൊങ്ങൻ ചുവട് കോളനി മെഡിക്കൽ ക്യാമ്പ് എന്നീ രണ്ടു പദ്ധതിയിലും ചെലവ് രേഖപ്പടുത്തിയതായി കാണുന്നു. ഇതുമൂലം ചെലവിൽ ഇരട്ടിപ്പ് സംഭവിച്ചിട്ടുള്ളതായി കാണുന്നു.

3. പൊങ്ങൻ ചുവട് കോളനി കമ്മ്യൂണിറ്റിഹാൾ ക്യാമ്പിന് തയ്യാറാക്കുന്നതിന് പ്രോജക്ട് നം 53 /22 പ്രകാരം ഈ കാലയളവിൽ 300/- (1-5-21, 10-5-21, ), 600/- (12-8- 21, 2-11-21, 9-12-21, 15-2-22) എന്നീ നിരക്കിലും പ്രോജക്ട് നം.79/22 പ്രകാരം 800/- നിരക്കിലും വിവിധ നിരക്കുകളിൽ ദിവസവേതനം നൽകിയതായി കാണുന്നു. ഇത്തരത്തിൽ വ്യത്യസ്ത നിരക്കുകളിൽ തുക നൽകിയതിന് വ്യക്തതയില്ല.

4. പാലിയേറ്റീവ് കെയർ പദ്ധതിയുമായി ബന്ധപ്പെട്ട് പൊങ്ങൻ ചുവട് കോളനി സന്ദർശിക്കുന്നതിന് വണ്ടി തൻവർഷം മാസത്തിലൊരിക്കൽ വാടകയ്ക്ക് എടുത്ത് ഉപയോഗിക്കുന്നതായി കാണുന്നു. ഇതുമായി ബന്ധപ്പട്ട് പാലിയേറ്റീവ് കെയർ വാഹനം ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടെങ്കിൽ പൊങ്ങൻ ചുവട് കോളനി സന്ദർശിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് ജീപ്പ് ലഭ്യമായ ദിവസത്തിൽ സന്ദർശനം ക്രമീകരിച്ച് ഉപയോഗിക്കാവുന്നതല്ലേ എന്നത് സംബന്ധിച്ച് വ്യക്തത വരുത്തി അറിയിക്കേണ്ടതുമാണ്.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 26-2-2023ലെ ഓഡിറ്റ് എൻക്വയറി നം.20ന് നൽകിയ മറുപടിയിൽ വാഹന സൗകര്യം കണക്കിലെടുത്ത് ഒരേ ദിവസം തന്നെ രണ്ട് പദ്ധതി പ്രകാരവും ക്യാമ്പ് നടത്തിയിട്ടുള്ളതിനാലാണ് ഒരേ ദിവസങ്ങളിൽ രണ്ട് പദ്ധതി പ്രകാരവും ബില്ല് മാറിയതെന്ന മറുപടി തൃപ്തികരമല്ല. ക്യാമ്പ് സംഘടിപ്പിച്ചതുമായി ബന്ധപ്പെട്ട കൃത്യമായ എല്ലാ വിശദാംശങ്ങളും തെളിവുകൾ സഹിതം ലഭ്യമാക്കേണ്ടതാണ്. ചെലവ് തുകയായ 1,50,000/- തടസ്സപ്പെടുത്തുന്നു.

1-33 സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി പരിശോധനക്കായി ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്ട് | പ്രോജക്ട് നം 254/22,<br>സി.എച്ച്.സി.യിലേക്ക് ലാപ് ടോപ്, പ്രിന്റർ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ സി എച്ച് സി |
| അടങ്കൽ | 175000/- വികസന ഫണ്ട് പൊതു വിഭാഗം |
| ചെലവ് | 175000/- വികസന ഫണ്ട് പൊതു വിഭാഗം |
| ബിൽ നം | 38/21-22 Dt 21-3-22, ₹170510/-<br>39/21-22 Dt 21-3-22, ₹3500/-<br>40/21-22 Dt 21-2-22, ₹ 990/ |

മേൽ പദ്ധതി നടത്തിപ്പിലൂടെ സി.എച്ച്.സി.യിലേക്ക് നാല് ലാപ് ടോപുകളും ഒരു പ്രിന്ററും വാങ്ങിയതായി കാണുന്നു. സി.എച്ച്.സി.യിൽ നിലവിലുള്ള കംപ്യൂട്ടറുകളുടേയും ലാപ് ടോപുകളുടേയും പ്രിന്ററുകളുടേയും വിവരങ്ങൾ ലഭ്യമാക്കുകയോ ഇത്രയും ലാപ് ടോപുകളുടെ ആവശ്യകത എന്താണെന്ന് ഫയലിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. വാങ്ങിയ നാല് ലാപ് ടോപ്പുകളും ഒരു പ്രിന്ററും സ്റ്റോക്കിലെടുത്ത സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് 26-2-2023 ലെ ഓഡിറ്റ് എൻക്വയറി നം.20 നൽകിയെങ്കിലും സി.എച്ച്.സി.യിലെ മെയിൻ സ്റ്റോക്ക്

രജിസ്റ്റർ പരിശോധനക്കായി ഹാജരാക്കിയില്ല.

അപാകതക്ക് വിശദീകരണം നൽകേണ്ടതും സി.എച്ച്.സി.യിൽ ലഭ്യമായ എല്ലാ കംപ്യൂട്ടറുകളുടേയും ലാപ് ടോപ്പുകളുടെയും പ്രിന്ററുകളുടേയും വിശദാംശങ്ങൾ സഹിതം മെയിൻ സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി പരിശോധനക്കായി ഹാജരാക്കേണ്ടതുമാണ്.

1-34 ബഡ്സ് സ്കൂൾ ജീവനക്കാരുടെ സേവനം - കരാറിൽ ഏർപ്പെട്ടിട്ടില്ല.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/പേര് | 104/21-22, ബഡ്സ് സ്കൂൾ ഓണറേറിയം |
| അടങ്കൽ | 9,25,200/- വികസന ഫണ്ട് -ജനറൽ |
| ചെലവ് | 9,25,200/- വികസന ഫണ്ട് --ജനറൽ |

ബഡ്സ് സ്കൂൾ ഓണറേറിയം എന്ന പദ്ധതിയുടെ നടത്തിപ്പിനായി അഞ്ച് ജീവനക്കാരുടെ 7/2021 മുതൽ 2/2022 വരെയുള്ള വേതനം ഇനത്തിൽ 9,25,200/- രൂപ ചെലവായിട്ടുള്ളതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ 3.11.21ലെ 3/1 തീരുമാന പ്രകാരം ബഡ്സ് സ്കൂൾ ജീവനക്കാരുടെ കാലാവധി പുതുക്കി നൽകുന്നതിന് തീരുമാനിച്ചിട്ടുള്ളതായും കാണുന്നു. ജീവനക്കാരെ നിയമിച്ചത് സംബന്ധിച്ച ഫയലും ജീവനക്കാരുമായി ഏർപ്പെട്ട കരാറുകളും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ 22-2-2023ലെ ഓഡിറ്റ് എൻക്വയറി നം.4ന് നൽകിയ മറുപടിയിൽ 1999ൽ ബഡ്സ് സ്കൂൾ പഞ്ചായത്ത് ഏറ്റെടുത്തത് മുതൽ ജീവനക്കാരുടെ സേവനം കരാർ വയ്ക്കാതെ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് പുതുക്കിവന്നത് എന്നും ഇനി മുതൽ കരാറിൽ ഏർപ്പെടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചു. നിയമ പ്രകാരമുള്ള സേവന വ്യവസ്ഥകൾ നിശ്ചയിച്ച് ജീവനക്കാരുമായി കരാറിൽ ഏർപ്പെടേണ്ടതും വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

1-35 ലേലം - വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം നടപ്പാക്കാൻ തീരുമാനിച്ചിട്ടുള്ള / നടത്തിയിട്ടുള്ള താഴെ പറയുന്ന ലേലങ്ങളുടെ തുടർ വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കുവാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.33/21-22) നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയിട്ടില്ല.

| ക്രമ നം | ഇന വിവരം | വാല്യുവേഷൻ | കമ്മറ്റി തീരുമാനം |
|---|---|---|---|
| 1 | അരുവപ്പാറ ഭാഗത്ത് കുളിക്കടവിൽ നിൽക്കുന്ന ചേരുമരം (വാർഡ് 4) | 1770/- | 11(1)/5.1.22 |
| 2 | എം.റ്റി.എൽ.പി സ്കൂൾ പരിസരത്തുള്ള മഴ മരം | 23772/- | 11(1)/5.1.22 |
| 3 | മാർകൌമ സ്കൂൾ കോമ്പൌണ്ടിൽ കൂട്ടിയിട്ടിരിക്കുന്ന മണ്ണ് ലേലം | 20000/- | 21(1)/27.5.21 |

പ്രസ്തുത ലേല നടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

1-36 മരാമത്ത് പ്രവൃത്തികൾ - പൊതുന്യൂനതകൾ.

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലും ന്യൂനതകൾ ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) നിർദ്ദിഷ്ട മാതൃകയിലുള്ള (ടി.ആർ.7എ) ക്യാഷ് ബുക്ക് രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

(2) പ്രിലിമിനറി എഗ്രിമെന്റിൽ ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താതെ ബ്ലാങ്കായി സൂക്ഷിച്ചിരിക്കുന്നു.

(3) എഗ്രിമെന്റ് രജിസ്റ്ററിൽ പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി രേഖപ്പെടുത്തുന്നില്ല.

(4) ടെണ്ടർ രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ടെണ്ടർ രജിസ്റ്ററിൽ താഴെ പറയുന്ന വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

(എ) ടെണ്ടർ തുറക്കുന്ന അവസരത്തിൽ സന്നിഹിതരായിട്ടുള്ള കരാറുകാരുടെ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

(ബി) ഇ.എം.ഡി തുക, രസീത് നമ്പർ, തീയതി രേഖപ്പെടുത്തുന്നില്ല

(സി) ടെണ്ടർ അംഗീകരിച്ച കമ്മിറ്റി തീരുമാന വിവരം രേഖപ്പെടുത്തുന്നില്ല.

(5) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

(6) കരാറുകാരനുമായി ചമച്ചിട്ടുള്ള കരാറുകളിലെ പൂർത്തീകരണ കാലാവധിയും പിഴയുമായി ബന്ധപ്പെട്ട ഭാഗം കാലഹരണപ്പെട്ടതാണെന്ന് കാണുന്നു. പുതുക്കിയ പി.ഡബ്ല്യു.ഡി. മാന്വൽ പ്രകാരമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാറുകൾ തയ്യാറാക്കേണ്ടതാണ്.

(7) ഫയലിൽ സൂക്ഷിച്ചിട്ടുള്ള ഭൂരിഭാഗം സെലക്ഷൻ നോട്ടീസ് പകർപ്പിലും തീയതി രേഖപ്പെടുത്തിയിട്ടില്ല.

പ്രസ്തുത ന്യൂനതകൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/21-22)നിർവ്വഹണ ഉദ്യോഗസ്ഥനായ അസി.എഞ്ചിനിയർ ലഭ്യമാക്കിയ മറുപടിയിൽ അപാകതകൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക/- ശ്രദ്ധ ക്ഷണിക്കുന്നു. മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-37 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - അങ്കണവാടി നിർമ്മാണം- വിവരങ്ങൾ ലഭ്യമാക്കിയില്ല

2019-2020 സാമ്പത്തിക വർഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി 2-ാം വാർഡിലെ 162-ാം നമ്പർ അങ്കണവാടി നിർമ്മാണം അംഗീകരിച്ചിട്ടുള്ളതും തുടർന്ന് നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുള്ളതുമാണ്. തുടർന്ന് 8,148/- രൂപയുടെ മസ്റ്റർറോൾ ഇഷ്യൂ ചെയ്തിരുന്നു. എന്നാൽ ടി നിർമ്മാണ പ്രവർത്തനങ്ങൾ ക്രാരിയേലി കമ്മ്യൂണിറ്റി ഹാളിന്റെ ഉപയോഗത്തെ ബാധിക്കുകയും ഹാൾ മറഞ്ഞു പോവുകയും ചെയ്യുന്നതിനാൽ ടി പദ്ധതി ഉചിതമല്ലെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നിലവിൽ ചെലവായ തുക തനത് ഫണ്ടിലേയ്ക്ക് തിരിച്ചടച്ചുകൊള്ളാമെന്നും പുതിയ സ്ഥലം കണ്ടെത്തുന്നതിന് ക്രമീകരണങ്ങൾ ചെയ്യാം എന്നുമുള്ള വാർഡ് മെമ്പറുടെ കത്ത്, നിലവിലെ പദ്ധതി ഉപേക്ഷിച്ച് പുതിയ സ്ഥലം കണ്ടെത്തി പുതിയ പദ്ധതി ഏറ്റെടുക്കാവുന്നതാണെന്ന അങ്കണവാടി വെൽഫയർ കമ്മറ്റിയുടെ റിപ്പോർട്ട്, പൊതുജനങ്ങളുടെ പരാതി, എന്നിവ പരിഗണിച്ച് ഈ പദ്ധതി ഉപേക്ഷിക്കുന്നുവെന്നും പുതിയ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഏറ്റെടുക്കാവുന്നതാണെന്നും പഞ്ചായത്ത് കമ്മിറ്റിയുടെ 23.9.21 ലെ 4(1) നമ്പർ തീരുമാനത്തിൽ അംഗീകരിച്ചിട്ടുണ്ട്. ടി വിഷയത്തിൽ താഴെ പറയുന്ന കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.32/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

1) പ്രസ്തുത പദ്ധതിയ്ക്കായി മസ്റ്റർ റോൾ പ്രകാരം ചെലവായിട്ടുള്ള തുക തിരികെ ഒടുക്കിയിട്ടുള്ള പക്ഷം ആയതിന്റെ രേഖകൾ.

2) പ്രസ്തുത അങ്കണവാടി നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വിവരം

3) ക്രാരിയേലി കമ്മ്യൂണിറ്റി ഹാളിന്റെ നിലവിലെ ഉപയോഗ വിവരം.
പ്രസ്തുത വിവരങ്ങൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-38 ബാങ്ക് അക്കൗണ്ടുകളിലെ നീക്കിയിരുപ്പ് തുകയുടെ വിശദ വിവരം ലഭ്യമല്ല

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയറുടെ പേരിൽ ഇ-ടെണ്ടർ അക്കൗണ്ടിനായുള്ള കറന്റ് അക്കൗണ്ടിനു പുറമേ എസ്.ബി.ഐ. കുറുപ്പംപടി ശാഖയിൽ ഒരു സേവിംഗ്സ് അക്കൗണ്ടും ഉപയോഗിക്കുന്നുണ്ട്. പ്രസ്തുത അക്കൗണ്ടിലെ 31.03.22 ലെ നീക്കിയിരുപ്പ് തുക 46,549/- രൂപയാണ് (പലിശ ഉൾപ്പെടെ). പഞ്ചായത്തിൽ നിന്നും നൽകുന്ന തനത് ഫണ്ട് കൈകാര്യം ചെയ്യുന്നതിനായാണ് പ്രസ്തുത അക്കൗണ്ട് ഉപയോഗിക്കുന്നത്. എന്നാൽ പ്രസ്തുത അക്കൗണ്ടിലെ വരവ്-ചെലവുകൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ടി അക്കൗണ്ടുകളിലെ നീക്കിയിരുപ്പ് തുകകളുടെ വിശദ വിവരം ലഭ്യമല്ല. അക്കൗണ്ടിലെ നീക്കിയിരുപ്പ് തുകയുടെ ഇനം തിരിച്ചുള്ള വിവരം കണക്കാക്കി ചെലവഴിക്കാതെ ശേഷിക്കുന്ന തുക തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിൽ വിവരം അറിയിക്കുവാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.1/21-2) അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ ബാലൻസ് തുക തിരികെ ഒടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൽ സ്വീകരിക്കുന്ന തുടർ നടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-39 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282 പ്രകാരം തുക ഡെപ്പോസിറ്റ് ചെയ്ത് മൂന്ന് സാമ്പത്തിക വർഷങ്ങൾക്കു ശേഷവും തിരികെ നൽകാത്ത സാഹചര്യത്തിൽ പ്രസ്തുത ഡെപ്പോസിറ്റ് തുകകൾ കാലഹരണപ്പെട്ടതായി കണക്കാക്കേണ്ടതും ആയത് തനത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്ക് ബി7 ഷെഡ്യൂൾ പ്രകാരം നിലനിൽക്കുന്ന ഡെപ്പോസിറ്റ് തുകകളുടെ വിവരം ചുവടെ ചേർക്കുന്നു. ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഇനങ്ങളിൽ പ്രസ്തുത കാലപരിധിയ്ക്ക് ശേഷമുള്ള തുകകളും ക്രമീകരിക്കപ്പെടാതെ നിലനിൽക്കുന്നതായി കാണുന്നു.

| ക്രമ നം. | ഇന വിവരം | 31.3.22 ലെ നീക്കിയിരുപ്പ് | നീക്കിയിരുപ്പ് തുകയുടെ കാലയളവ് |
|---|---|---|---|
| 1 | കോൺട്രാക്ടേഴ്സ് ഇഎം.ഡി | 355514 | 2012-13 മുതൽ |
| 2 | സപ്ലൈയേഴ്സ് ഇഎം.ഡി | 4548 | 2014-15 മുതൽ |
| 3 | ബിഡ്ഡേഴ്സ് ഇ.എം.ഡി | 240653 | 2014-15 മുതൽ |
| 4 | കോൺട്രാക്ടേഴ്സ് എസ്.ഡി | 12800 | 2017-18 മുതൽ |
| 5 | സപ്ലൈയേഴ്സ് എസ്.ഡി | 23309 | 2014-15 മുതൽ |
| 6 | കോൺട്രാക്ടേഴ്സ് റിട്ടെൻഷൻ | 109396 | --- |
| 7 | മറ്റ് ഡിപ്പോസിറ്റ് | 13626 | 2012-13 മുതൽ |

ഗ്രാമപഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഡിപ്പോസിറ്റ് രജിസ്റ്ററിൽ ഓരോ ഇനത്തിലുമുള്ള വാർഷിക നീക്കിയിരുപ്പിന്റെ സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടുള്ളത് വാർഷിക ധനകാര്യ പത്രിക ബി (7) ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള തുകയുമായി പൊരുത്തപ്പെടുന്ന വിധത്തിലാണ്. എന്നാൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ള തുകകൾ കൂട്ടി നോക്കുമ്പോൾ ലഭിക്കുന്ന നീക്കിയിരുപ്പ് സംക്ഷിപ്തവുമായി പൊരുത്തപ്പെടാത്തതായി കാണുന്നു.

| ക്രമ നം. | ഇന വിവരം | സംക്ഷിപ്തം പ്രകാരമുള്ള നീക്കിയിരുപ്പ് | രജിസ്റ്ററിലെ തുകകൾ കൂട്ടിയാൽ ലഭിക്കുന്ന തുക |
|---|---|---|---|
| 1 | കോൺട്രാക്ടേഴ്സ് ഇഎം.ഡി | 355514 | 217275 |
| 2 | സപ്ലൈയേഴ്സ് ഇഎം.ഡി | 4548 | 61148 |
| 3 | ബിഡ്ഡേഴ്സ് ഇ.എം.ഡി | 240653 | 236703 |
| 4 | കോൺട്രാക്ടേഴ്സ് എസ്.ഡി | 12800 | 12800 |
| 5 | സപ്ലൈയേഴ്സ് എസ്.ഡി | 23309 | 9144 |
| 6 | കോൺട്രാക്ടേഴ്സ് റിട്ടെൻഷൻ | 109396 | രേഖപ്പെടുത്തിയിട്ടില്ല |
| 7 | മറ്റ് ഡിപ്പോസിറ്റ് | 13626 | 13626 |

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.2/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല.
ഡെപ്പോസിറ്റ് രജിസ്റ്റർ കൃത്യമായി തയ്യാറാക്കേണ്ടതും, ടി നീക്കിയിരുപ്പിലുള്ള കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്തിന്റെ റവന്യൂ അക്കൗണ്ടിലേക്ക് മുതൽ കൂട്ടി വിവരം അറിയിക്കേണ്ടതാണ്.

## 1-40 ഓഡിറ്റ് ഇംപാക്ട് - പുലച്ചിറ നവീകരണം - ഉയർന്ന നിരക്കിൽ നൽകിയ ജി.എസ്.ടി. തുക തിരിച്ചടച്ചു.

പുലച്ചിറ നവീകരണവുമായി ബന്ധപ്പെട്ട് തോടിന് ആഴം കൂട്ടുന്ന പ്രവൃത്തിയിൽ 75%ലധികം എർത്ത് വർക്കാണ് ചെയ്തിട്ടുള്ളത് (എർത്ത് വർക്ക് & സൈറ്റ് ക്ലിയറിംഗ്) ആയതിനാൽ ടി പ്രവർത്തിയിൽ 5% ജി.എസ്.ടി.യാണ് അനുവദനീയം. എന്നാൽ ടി നിർദ്ദേശത്തിന് വിരുദ്ധമായി 12% GST അനുവദിച്ചതുമൂലം 9,675/- രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്. അപാകത ശ്രദ്ധയിൽപ്പെടുത്തി ഓഡിറ്റ് എൻക്വയറി (നം.26/21-22) നൽകിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക 9,675/- രൂപ തിരികെ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട് (രസീത് നം. 1220103985/28.02.23). പ്രസ്തുത തുക ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിൽ ഒടുക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-41 ബിറ്റുമിൻ ബാരൽ വില ക്രമ വിരുദ്ധമായി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നു.

ഗ്രാമപഞ്ചായത്തിൽ തൻവർഷം നടപ്പാക്കിയിട്ടുള്ള റോഡ് പ്രവൃത്തികളിൽ നിന്നുള്ള ബിറ്റുമിൻ ബാരൽ വില അസിസ്റ്റന്റ് എഞ്ചിനീയർ ബില്ലിൽ നിന്നും കുറവ് ചെയ്ത് സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി. അക്കൗണ്ടിലേയ്ക്കാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ഇത് ക്രമ പ്രകാരമല്ല. ടി ഇനത്തിലുള്ള തുകകൾ ഏതു ഫണ്ടുപയോഗിച്ചാണോ പ്രവൃത്തി ചെയ്തത് ആ ഫണ്ടിലേയ്ക്കും, ജി.എസ്.ടി. തുക ബന്ധപ്പെട്ട ഹെഡിലേയ്ക്കും തിരിച്ചടയ്ക്കേണ്ടതാണ്.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.25/21-22) അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടില്ല.
ടി വിഷയത്തിൽ സ്വീകരിക്കുന്ന തുടർ നടപടികൾ യഥാസമയം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കേര സംരക്ഷണ പദ്ധതി - അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം ,പേര് | 52/21-22, കേര സംരക്ഷണ പദ്ധതി |
| അടങ്കൽ ,ഫണ്ട് | ₹4,99,902/- വികസനഫണ്ട് (പൊതുവിഭാഗം)<br>₹1,66,634/- ഗുണഭോക്തൃവിഹിതം |
| ബിൽ നം ,തീയതി, തുക | 2112075200720143299З,24.03.2022, ₹1,09,902/-<br>21120752007201354481, 17.03.2022, ₹2,34,000/-<br>21120752007201179017. 22.02.2022, ₹1,56,000/-<br>ചെക്ക് നം 137781.തീ.24.03.2022 തുക.₹1,14,634/-<br>ചെക്ക് നം 137753.തീ.28.02.2022 തുക.₹52,000/-<br>ആകെ ചെലവ് ₹6,66,536/- |
| നിർവ്വഹണോദ്യോഗസ്ഥൻ | കൃഷി ഓഫീസർ ,വേങ്ങൂർ ഗ്രാമപഞ്ചായത്ത് |

ഒരു തെങ്ങിന് 25% (26 രൂപ) തുക ഗുണഭോക്തൃവിഹിതവും 75% (78 രൂപ) സർക്കാർ സബ്സിഡിയും (ആകെ 104/- രൂപ) നല്കി ഗ്രാമപഞ്ചായത്തിലെ തെങ്ങുകളുടെ മണ്ട വൃത്തിയാക്കി പാകമായ തേങ്ങകൾ വിളവെടുക്കുകയും തെങ്ങുകൾക്ക് അസുഖം വരാതിരിക്കുവാൻ മരുന്ന് തളിച്ച് ആരോഗ്യത്തോടെ സംരക്ഷിക്കുകയും ചെയ്യുകയാണ് ഈ പദ്ധതി കൊണ്ട് ലക്ഷ്യമാക്കുന്നത്. എന്നാൽ കൃഷി ഓഫീസർ നടപ്പിലാക്കിയ ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള അപാകതകൾ കാണുന്നു.

1) പഞ്ചായത്ത് രാജ്, നഗരപാലിക സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള ജനകീയാസൂത്രണ പദ്ധതികൾക്കായി 14.02.2018 ൽ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) നം 22/2018 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിലെ(കൃഷി) ക്രമനം 6.1.(15)ൽ പ്രദേശത്ത് കൃഷിയെ ബാധിക്കുന്ന കീടരോഗങ്ങളുടെ നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി കൃഷി ഭവൻ തലത്തിലെ കർഷകസമിതികൾ മുഖാന്തിരം നടപ്പിലാക്കണം എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ തെങ്ങുകളുടെ മണ്ട വൃത്തിയാക്കി മരുന്ന് തളിക്കുന്ന പ്രവൃത്തി അക്രഡിറ്റഡ് ഏജൻസിയായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് വഴി നടപ്പിലാക്കിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി അക്രഡിറ്റഡ് ഏജൻസിയായ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിനെ തിരഞ്ഞെടുത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

2) തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ കൃഷി ഓഫീസർ തയ്യാറാക്കുന്ന കീടരോഗ ബാധയും നിവാരണ പ്രവർത്തനങ്ങളും സംബന്ധിച്ച റിപ്പോർട്ട് മേൽ ഉദ്യോഗസ്ഥൻ അംഗീകരിക്കണമെന്നും സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. മേൽ ഉദ്യോഗസ്ഥന്റെ അംഗീകാരം സംബന്ധിച്ച റിപ്പോർട്ടും ഓഡിറ്റിനായി ലഭ്യമാക്കേണ്ടതാണ്

3) KAICO Ltd തൊടുപുഴ ഈ പ്രവർത്തി ഫലപ്രദമായി ചെയ്തിട്ടുണ്ടെന്ന വാർഡ് മെമ്പറുടെ സാക്ഷ്യപത്രം, നിർവ്വഹണോദ്യോഗസ്ഥന്റെ മോണിറ്ററിംഗ് റിപ്പോർട്ട് എന്നിവ ഫയലിൽ നിന്ന് ലഭ്യമല്ല.

4) KAICO Ltd മായി നിർവ്വഹണോദ്യോഗസ്ഥൻ കരാറിൽ ഏർപ്പെട്ടതിന്റെ രേഖ ഫയലിൽ ഉണ്ടെങ്കിലും കരാർ തീയതി, കരാർ വ്യവസ്ഥകൾ ഒന്നും തന്നെ എഴുതി ചേർത്തിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

5) നിർവ്വഹണ ഏജൻസി പ്രവൃത്തി പൂർത്തിയാക്കിയതായി തയ്യാറാക്കി നല്കിയ വാർഡ് തല ലിസ്റ്റും കൃഷി ഓഫീസർ തയ്യാറാക്കിയ തെങ്ങുകളുടെ വാർഡ് തല ലിസ്റ്റും പരിശോധിച്ചതിൽ അന്തരം കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വാർഡ് നം | കൃഷി ഓഫീസർ തയ്യാറാക്കിയ തെങ്ങുകളുടെ വാർഡ് തല ലിസ്റ്റ് | KAICO വൃത്തിയാക്കിയ തെങ്ങുകളുടെ വാർഡ് തല ലിസ്റ്റ് | വ്യത്യാസം കുറവ് + ) | KAICO വൃത്തിയാക്കിയ അധിക തെങ്ങുകളുടെ വാർഡ് തല ലിസ്റ്റ് |
|---|---|---|---|---|
| 1 | 426 | 422 | 4 | 0 |
| 2 | 432 | 426 | 6 | 0 |

| | | | | |
|---|---|---|---|---|
| 3 | 698 | 698 | 0 | 0 |
| 4 | 188 | 188 | 0 | 0 |
| 5 | 363 | 342 | 21 | 0 |
| 6 | 320 | 276 | 44 | 0 |
| 7 | 513 | 513 | 0 | 0 |
| 8 | 748 | 748 | 0 | 23 |
| 9 | 412 | 411 | 1 | 0 |
| 10 | 246 | 238 | 8 | 0 |
| 11 | 617 | 598 | 19 | 0 |
| 12 | 226 | 226 | 0 | 24 |
| 13 | 356 | 344 | 12 | 0 |
| 14 | 456 | 447 | 9 | 0 |
| 15 | 408 | 378 | 30 | 0 |
| ആകെ | 6409 | 6255 | 154 | 47 |

KAICO വൃത്തിയാക്കിയ തെങ്ങുകളുടെ വാർഡ് തല ലിസ്റ്റ് പ്രകാരം 6255 ആണ്. ഇതിൽ ക്രമ നം 8,12 എന്നിവയിൽ കൃഷി ഓഫീസർ തയ്യാറാക്കിയ തെങ്ങുകളുടെ വാർഡ് തല ലിസ്റ്റിനേക്കാൾ യഥാക്രമം 23, 24 (ആകെ 47) തെങ്ങുകളുടെ വൃത്തിയാക്കൽ അധികം ചെയ്തിട്ടുള്ളതായി KAICO,തൊടുപുഴ കാണിച്ചിട്ടുണ്ട്. ആയത് അംഗീകരിച്ചാൽ പോലും 5977 തെങ്ങുകളുടെ മണ്ട വൃത്തിയാക്കുന്നതിന് KAICO, തൊടുപുഴയ്ക്ക് അർഹമായത് 6,50,520/- രൂപ മാത്രമാണെന്നിരിക്കെ ഗുണഭോക്തൃവിഹിതമുൾപ്പെടെ പ്രസ്തുത സ്ഥാപനത്തിന് 6,66,536/- രൂപ അനുവദിച്ചിട്ടുണ്ട്. ആയതിനാൽ ഈ പദ്ധതി നടപ്പിലാക്കുക വഴി 16,016/- രൂപ നിർവ്വഹണ ഏജൻസിക്ക് അധികം നല്കിയതായി കാണുന്നു.

മേൽ അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 27.02.2023 ൽ നല്കിയ 21ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നിലവിൽ കാർഷിക കർമ്മസേനകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ലാത്തതിനാലാണ് KAICOയെ പ്രസ്തുത പ്രവൃത്തി ഏല്പിച്ചതെന്നാണ് മറുപടി ലഭ്യമാക്കിയത്. പദ്ധതി നിർവ്വഹണത്തിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. നിർവ്വഹണ ഏജൻസിക്ക് ക്രമ വിരുദ്ധമായി നൽകിയ 16,016/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ആയത് പ്രസ്തുത നിർവ്വഹണ ഏജൻസിയിൽ നിന്നോ, നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-2 ജൈവകൃഷി വികസനം - വളം വാങ്ങൽ - അധിക തുക അനുവദിച്ചു

| | |
|---|---|
| പ്രോജക്ട് നം , പേര് | എസ് 0072/22, ജൈവകൃഷി വികസനം |
| അടങ്കൽ,ഫണ്ട് | ₹4,41,609,വികസനഫണ്ട് (പൊതുവിഭാഗം)<br>₹ 1,72,958 ഗുണഭോക്തൃവിഹിതം (നേരിട്ട്)<br>ആകെ. ₹6,14,567/- |
| ബിൽ നം, ചെലവ് , തീയതി | ബിൽ നം21120752007201081731, തുക 302074തീ.08.02.2022<br>ബിൽ നം,21120752007201081739,തുക 139535തീ.08.02.2022 |
| നിർവ്വഹണോ ദ്യോഗസ്ഥൻ | കൃഷി ഓഫീസർ, വേങ്ങൂർ ഗ്രാമപഞ്ചായത്ത് |

ഗ്രാമപഞ്ചായത്തിലെ കാർഷിക വികസനം കൈവരിക്കുന്നതിനായും മണ്ണിന്റെ ജൈവാംശം വർദ്ധിപ്പിക്കുവാനും , അമ്ലത കുറക്കാനും ജൈവക്യഷി പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കർഷകർക്ക് 75% സബ്സിഡി നിരക്കിൽ ജൈവവളം നല്കുന്നതിനായി 2021-22 സാമ്പത്തിക വർഷത്തിൽ ആരംഭിച്ച പദ്ധതിയാണിത് . ക്രാരിയേലി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ് നം. ഇ 199, നെടുങ്ങപ്ര സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റ് നം. ഇ135 എന്നിവയിൽ നിന്ന് ഗുണഭോക്താക്കൾക്ക് കൃഷി ഓഫീസർ പെർമിറ്റ് നല്കിയതിന്റെ അടിസ്ഥാനത്തിൽ നേരിട്ട് വളം വാങ്ങുന്നു. സബ്സിഡി തുക ബാങ്കിലേക്ക് നല്കുന്നു. ആയത് പ്രകാരം പ്രസ്തുത പ്രോജക്ടുകളുടെ നടത്തിപ്പിനായി കൃഷി ഭവൻ നല്കിയ പെർമിറ്റിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾ ബോൺ മീൽ, കുമ്മായം, നീംകേക്ക് എന്നീ ജൈവവളങ്ങൾ വാങ്ങിയിട്ടുണ്ട്. 14.02.2018ലെ തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ സർക്കാർ ഉത്തരവ് (കൈ) നം 22/2018 പ്രകാരം ക്രമ നം. 6.1 ലെ 1-ൽ വളത്തിന്റെ യൂണിറ്റ് കോസ്റ്റ് ജില്ലാ തലത്തിൽ നിർണ്ണയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

ആയത് പ്രകാരം 20.03.2020ലെ മെമ്പർ സെക്രട്ടറി, ജില്ലാ ആസൂത്രണ സമിതി & എറണാകുളം ജില്ലാ

കളക്ടറുടെ ഉത്തരവ് നം 61139/20/ഡി.പി.സി/ഡി.പി.ഒ/ഇ.കെ.എം പ്രകാരം 2020-21, 2021-22 സാമ്പത്തിക വർഷങ്ങളിലെ വളം വാങ്ങി നല്കുന്നത് സംബന്ധിച്ച് ജില്ലാതല യൂണിറ്റ് കോസ്റ്റ് നിർണ്ണയിച്ചിട്ടുണ്ട്. ആയതിൽ എല്ലുപൊടിക്ക് പരമാവധി 30 രൂപയാണ് യൂണിറ്റ് കോസ്റ്റായി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ കൃഷി ഓഫീസർ നടപ്പിലാക്കിയ മേൽ പ്രോജക്ടിൽ 33 രൂപ നിരക്കിലാണ് വാങ്ങി നല്കിയിട്ടുള്ളത്. പരമാവധി 75% സബ്സിഡി നിരക്കിൽ തുക അനുവദിച്ചിരുന്നെങ്കിൽ 30 രൂപയുടെ 75% മായ 22.50 രൂപ മാത്രമേ വികസന ഫണ്ടിൽ നിന്നും നല്കേണ്ടി വരുമായിരുന്നുള്ളൂ. എന്നാൽ 33 രൂപയുടെ 75% മായ 24.75 രൂപയാണ് ഒരു കിലോ എല്ലുപൊടിക്ക് വികസന ഫണ്ടിൽ നിന്ന് നൽകിയിട്ടുള്ളത് . അപ്രകാരം വളം വിതരണം നടത്തിയത് വഴി ഒരു കിലോ എല്ലുപൊടിക്ക് 2.25 രൂപ മേൽ സൂചിപ്പിച്ച സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കുകൾക്ക് അധികമായി നല്കിയിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1) ക്രാരിയേലി സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റ് നം ഇ 199

| തീയതി | രസീത് നം | വാങ്ങിയ കിലോ.ഗ്രാം | 2.25രൂപ നിരക്കിൽ അധികം നല്കിയ തുക |
|---|---|---|---|
| 07.12.2021 | രേഖപ്പെടുത്തിയിട്ടില്ല | 1094.00 | |
| 12.01.2022 | രേഖപ്പെടുത്തിയിട്ടില്ല | 560.00 | |
| 06.01.2022 | രേഖപ്പെടുത്തിയിട്ടില്ല | 1372.50 | |
| 01.02.2022 | രേഖപ്പെടുത്തിയിട്ടില്ല | 482.50 | |
| ആകെ | | 3509 | 3509x2.25=7895.25 |

2) നെടുങ്ങപ്ര സർവ്വീസ് കോ ഓപ്പറേറ്റീവ് ബാങ്ക് ലിമിറ്റ് നം ഇ135

| തീയതി | രസീത് നം | വാങ്ങിയ കിലോ.ഗ്രാം | 2.25രൂപനിരക്കിൽഅധികം നല്കിയ തുക |
|---|---|---|---|
| 31.01.2022 | രേഖപ്പെടുത്തിയിട്ടില്ല | 1038 | |
| 29.12.2021 | രേഖപ്പെടുത്തിയിട്ടില്ല | 585 | |
| ആകെ | | 1623 | 1623x2.25=3651.75 |

ആകെ വാങ്ങിയിട്ടുള്ള എല്ലുപൊടി 5132 കിലോ ഗ്രാമാണ്. (5132x2.25=11547). പ്രസ്തുത വാങ്ങൽ നടത്തിയതിൽ 11,547/- രൂപയുടെ അധിക ചെലവ് ഉണ്ടായിട്ടുണ്ട്. അപാകതയ്ക്ക് വിശദീകരണം നല്കേണ്ടതാണെന്നാവശ്യപ്പെട്ട് കൊണ്ട് 27.02.2023ൽ നല്കിയ 27ാം നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ തുടർ പദ്ധതികളിൽ ഇത്തരം വാങ്ങൽ നടത്തുമ്പോൾ ജില്ല തല യൂണിറ്റ് കോസ്റ്റ് പരിശോധിച്ച് അത് പ്രകാരം വാങ്ങണമെന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരം

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തി | ബിൽ നമ്പർ/ വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വന സംരക്ഷണ സമിതി | 31/21-2 | 22101024 | 480000/- | 0 | 480000/- |
| കെ.എസ്. | 100/21-22 | 22101022 | 68936/- | 0 | 68936/- |

| | | | | | |
|---|---|---|---|---|---|
| | സ്ട്രീറ്റ് ലൈൻ നീട്ടൽ | | | | |
| ഇ.ബി. | 233/21-22 | 22100871 | 46315/- | 0 | 46315/- |
| | 329/21-22 | 22101025 | 25016/- | 0 | 25016/- |
| | 138/21-22 | 22100604 | 232071/- | 00 | 232071/- |
| | 229/21-22 | 22100614- | 70000/- | 0 | 70000/- |
| | 135/21-22 | 22100613- | 161247/- | 0 | 161247/- |
| | 227/21-22 | 22100459- | 239835/- | 0 | 239835/- |
| | ആകെ | | 843420/- | 0 | 843420/- |

## 4-3 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നം. | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ട് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് (എറണാകുളം) | 2021-22 | 6097333 | 44/21-22 – ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 284589 | 0 |
| | | | | 49/21-22, നെൽകൃഷി | 350872 | 0 |
| | | | | 55/21-22 – വീട് നിർമ്മാണം ലൈഫ്- മിഷൻ -ജനറൽ | 2780000 | 0 |
| | | | | 65/21-22 – വീട് നിർമ്മാണം ലൈഫ് മിഷൻ എസ് സി | 600000 | 0 |
| | | | | 75/21-22 – വീട് നിർമ്മാണം ലൈഫ് മിഷൻ എസ് ടി | 1169345 | 0 |
| | | | | 80/21-22 – ക്ഷീരസംഘങ്ങൾ വഴി സംഭരിക്കുന്ന പാലിന് ധനസഹായം | 284000 | 0 |
| | | | | 180/21-22 – അരുവപ്പാറ പാടശേഖരം തോട് ക്ലീനിങ്ങ് | 38989 | 0 |
| | | | | 181/21-22 – മേയ്ക്കപ്പാല പാടശേഖരം തോട് ക്ലീനിങ്ങ് | 38784 | 0 |
| | | | | 182/21-22 – നെടുങ്ങപ്ര പാടശ്ശേഖരം തോട് ക്ലീനിങ്ങ് | 38613 | 0 |
| | | | | 199/21-22 – പുതുമന കുളം ക്ലീനിങ്ങ് | 29322 | 0 |
| | | | | 200/21-22 – മുപ്പത്തിപാടശ്ശേഖരം തോട് ക്ലീനിങ്ങ് | 39844 | 0 |
| | | | | 209/21-22 – ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 442975 | 0 |
| | ആകെ | | 6097333 | | 6097333 | |
| 2 | ബ്ലോക്ക് പഞ്ചായത്ത് (കൂവപ്പടി ബ്ലോക്ക്) | 2018-19 | 581644 | 195/22- കണ്ണൻപറമ്പ് കുടിവെള്ളം | 392027 | 189617 |
| 3 | ബ്ലോക്ക് പഞ്ചായത്ത് (കൂവപ്പടി ബ്ലോക്ക്) | 2021-22 | 1124636 | 44/21-22 – ഭിന്നശേഷി കുട്ടികൾക്ക് സ്കോളർഷിപ്പ് | 284636 | 0 |
| | | | | 65/21-22 – വീട് നിർമ്മാണം ലൈഫ് മിഷൻ എസ് സി | 400000 | 0 |
| | | | | 75/21-22 – വീട് നിർമ്മാണം ലൈഫ് മിഷൻ എസ് ടി | 440000 | 0 |
| | ആകെ | | 1124636 | | 1124636 | 0 |
| 4 | ബ്ലോക്ക് പഞ്ചായത്ത് (കൂവപ്പടി | 2021-22 | 375634 | 49/21-22 – നെൽകൃഷി | 375634 | 0 |

| | ബ്ലോക്ക്) | | | | | |
|---|---|---|---|---|---|---|

4-4 മൊബിലൈസേഷൻ അഡ്വാൻസ് നല്കിയതിന്റെ വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക + തൻവർഷ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | സ.ഉ. (എം.എസ്.) 2278/18/ ത.സ്വ.ഭ.വ. 18.08.2018 | | 23962666 + 1100000 = 25062666 | 2874665 | - | 22188001 |

4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 46 | 2003-04 | | പാണംകുഴി ബാലവാടി വികസനം | തുക അടവാക്കി |
| 2013-14, 2014-15 | 2(3) | 2016-17 | അദ്ധ്യായം 2 | തൊഴിൽ നികുതി -അപാകതകൾ | തുടർനടപടികൾ സ്വീകരിച്ച് വിശദീകരണ പത്രിക നൽകി |
| 2015-16 | 2-2 | 2016-17 | | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | തുടർനടപടികൾ സ്വീകരിച്ച് വിശദീകരണ പത്രിക നൽകി |

4-9 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 11,71,06,310 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 10,99,36,762 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27,563 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,77,275 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവ് നഷ്ടം | ചെലവ് നഷ്ടം | |
| 3-1 | - | ₹16,016/- | ശ്രീ.നിധീഷ് ബാബു, കൃഷി ഓഫീസർ, വേങ്ങൂർ ഗ്രാമപഞ്ചായത്ത് |
| 3-2 | - | ₹11,547/- | ശ്രീ.നിധീഷ് ബാബു, കൃഷി ഓഫീസർ, വേങ്ങൂർ ഗ്രാമപഞ്ചായത്ത് |
| ആകെ | | ₹27,563/- | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | ഉത്തരവാദിയായ ആളുടെ മേൽ വിലാസം |
|---|---|---|---|
| 1-17 | 150000 | ശ്രീ.എം.എം. അന്ത്രു, സെക്രട്ടറി | പുത്തൻപുര, മണലോടി, പുതുപ്പാടി.പി.ഒ,എറണാകുളം |
| 1-20 | 26107 | ശ്രീ.എൻ.എം.മോഹനൻ, സെക്രട്ടറി | നിരപ്പേൽ വീട്, തെക്കുംഭാഗം, തൃപ്പൂണിത്തുറ (PO) |
| 1-21 | 25050 | ശ്രീമതി. സരള കെ.യു., ഹെഡ് മിസ്ട്രസ് | ചെപ്പോത്തുങ്കൽ,കോട്ടപ്പടി, എറണാകുളം |
| 1-22 | 121843 | ശ്രീ.എം.എം.അന്ത്രു, സെക്രട്ടറി | പുത്തൻപുര, മണലോടി, പുതുപ്പാടി.പി.ഒ,എറണാകുളം |
| 1-25 | 637516 | ശ്രീ.എം.എം.അന്ത്രു, സെക്രട്ടറി | പുത്തൻപുര, മണലോടി, പുതുപ്പാടി.പി.ഒ,എറണാകുളം |
| 1-28 | 58759 | ശ്രീ.നിധീഷ് ബാബു,കൃഷി ഓഫീസർ, വേങ്ങൂർ ഗ്രാമപഞ്ചായത്ത് | ചൂരപ്പുഴ, മൂന്നാർ.പി.ഒ , ഇടുക്കി, 685612 |
| 1-30 | 18000 | ഗിരീഷ് നായക്, വി. ഇ. ഒ. വടക്കേക്കര ഗ്രാമപഞ്ചായത്ത് | അറക്കപ്പറമ്പിൽ വീട് കിഴക്കുംപുറം, ചേന്ദമംഗലം, പിൻ-683512 |
| 1-31 | 190000 | ഡോ. സൈനബ ഇ സിവിൽ സർജൻ സി. എച്ച്. സി. , വേങ്ങൂർ | മണ്ടത്തിക്കുടി വീട് മാറമ്പിള്ളി, ആലുവ |
| 1-32 | 132700 | ഡോ. സൈനബ ഇ സിവിൽ സർജൻ സി. എച്ച്. സി. , വേങ്ങൂർ | മണ്ടത്തിക്കുടി വീട് മാറമ്പിള്ളി, ആലുവ |
| 1-32 | 17300 | ഡോ ആനന്ദ് സെബാസ്റ്റ്യൻ അസിസ്റ്റന്റ് സർജൻ സി. എച്ച്. സി. , വേങ്ങൂർ | മനക്കിൽ വീട് കുന്നമ്മാവ്-683518 |
| ആകെ | 1377275 | | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന | സ്ഥിരം |
|---|---|---|

| | സമയത്തെ ഔദ്യോഗിക മേൽവിലാസം | മേൽവിലാസം |
|---|---|---|
| ശ്രീ.നിധീഷ് ബാബു, കൃഷി ഓഫീസർ, വേങ്ങൂർ ഗ്രാമപഞ്ചായത്ത് | വേങ്ങൂർ ഗ്രാമപഞ്ചായത്ത് | ചൂരപ്പുഴ, മൂന്നാർ (പി.ഒ) ഇടുക്കി - 682612 |
| ശ്രീ.എം.എം.അന്ത്രു, സെക്രട്ടറി | വിരമിച്ചു | പുത്തൻപുര, മണലോടി, പുളുപ്പാടി(പി.ഒ.), എറണാകുളം |
| ശ്രീ.എൻ.എം.മോഹനൻ സെക്രട്ടറി | സെക്രട്ടറി, ഒക്കൽ ഗ്രാമപഞ്ചായത്ത് | നിരപ്പേൽ വീട്, തെക്കുംഭാഗം, തൃപ്പൂണിത്തുറ (PO) |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.ഇ.കെ.എം.(പി2)763(ii)/2019 /തീ.06.07.19 | 1 |
| 1999-2000 | കെ.എസ്.എ.ഇ.കെ.എം.(പി2)763(iii)/2019 /തീ.06.07.19 | 8 |
| 2005-06 | എൽ എഫ് ഇ (പി2)1338/10 തീ.19.12.11 | 6 |
| 2006-07 | എൽ എഫ് ഇ (പി2)1339/10 തീ.19.12.11 | 7 |
| 2007-08 To 2010-11 | എൽ എഫ് ഇ (പി2)1612/12/തീ.1.9.12 | 14 |
| 2011-12 To 2012-13 | എൽ എഫ് ഇ (പി2)763(iv)/2019 /തീ.06.07.19 | 14 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം.(പി2)763(v)/2019 /തീ.06.07.19 | 11 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം.(പി2)2243/16/ തീ.31.01.2017 | 16 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം.(പി2)674/19/ തീ.26.7.19 | 10 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം.(പി2)161/19/ തീ.15-07-19 | 13 |
| 2018-19 | നം.കെ.എസ്.എ.-ഇകെഎം(പി.2)275/2020, തീയതി.16.03.2020 | 15 |
| 2019-20 | നം. കെ.എസ്.എ-ഇ.കെ.എം.(പി2)1914/2021 തീയതി 08.04.2022 | 47 |
| 2020-21 | നം. കെ.എസ്.എ-ഇ.കെ.എം.(പി2)1915/2021 തീയതി 08.04.2022 | 40 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ വേങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്